# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 47 | THE ONLINE OFFICIAL NEWS BULLETIN | 2024 October 31


## SEASON OF THE ANNUNCIATION | അറിയിപ്പുകാലം

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
| --- | --- | --- | --- | --- | --- | --- |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 5 | 1 | 5 | 1 | 5 | 1 |
| Qudosh Idto (Sanctification of the Church) Beginning of the Liturgical Year | | 17th Mem. of Stephanos Mar Theodosios ✠ (Bhilai St. Thomas Ashram) | 58th Mem. of Vayaliparambil Geevarghese Mar Gregorios ✠ (Aluva Thrikkunnathu Seminary) | | 28th Mem. of H.H.Baselios Marthoma Mathews I ✠ (Devalokam Catholicate Aramana) 97th Mem. of Konattu Mathan Malapan (Pambakuda Valiya Pally) | |



പരിശുദ്ധ പരുമല തിരുമേനിയുടെ 122–ാം ഓർമ്മപ്പെരുന്നാളിന് പരുമലയിൽ കൊടിയേറി. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ കൊടിയേറ്റ് നിർവഹിച്ചു. രണ്ടും മൂന്നും കൊടിമരത്തിൽ യഥാക്രമം ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് എന്നിവർ കൊടിയുയർത്തി.



മലേഷ്യയിൽ വച്ച് നടന്ന നിഖ്യാ സുന്നഹദോസിന്റെ 1700–ാമത് വാർഷികത്തിലും ദൈവശാസ്ത്രജ്ഞരുടെ വാർഷിക സമ്മേളനത്തിലും പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ പങ്കെടുത്തു.



The meeting of the Anglican-Oriental Orthodox International Commission is underway and is being hosted by the Armenian Apostolic Church - Holy See of Etchmiadzin. Metropolitan Abraham Mar Stephanos and Fr. Dr. K. M. George represented the Malankara Orthodox Syrian Church. Metropolitan Stephanos also serves as the co-Secretary to the commission along with Dr. Christopher Wells of the Anglican Church.

# മലങ്കരസഭയ്ക്ക് പുതിയ രണ്ട് ഭദ്രാസനങ്ങൾ

ദേവലോകം: 2024 ഒക്ടോബർ 10-ാം സമ്മേളിച്ച നമ്മുടെ മലങ്കരസഭാ മാനേജിംഗ് കമ്മറ്റിയുടെയും 2024 ഒക്ടോബർ മാസം 29-നു സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെയും ആലോചനയും ശുപാർശയും സ്വീകരിച്ച് ടൊറൊന്റൊ കേന്ദ്രമാക്കി കാനഡ എന്ന പേരിലും, ഓസ്ട്രേലിയായിലെ കാൻബറ കേന്ദ്രമാക്കി ഏഷ്യാ പസഫിക് എന്ന പേരിലും രണ്ട് പുതിയ മെത്രാസനങ്ങൾ കുടി രൂപീകരിക്കപ്പെട്ടതായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അറിയിച്ചു. പുതിയ മെത്രാസനങ്ങൾ 2024 നവംബർ മാസം 1-നു മുതൽ പ്രാബല്യത്തിൽ വന്നു. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ പുതിയ രണ്ട് മെത്രാസനങ്ങളുടെയും ചുമതല പരിശുദ്ധ കാതോലിക്കാ ബാവാ ഏറ്റെടുത്തു.




## ആരാധനാ വർഷ കലണ്ടർ പ്രകാശനം ചെയ്തു

ചെങ്ങന്നൂർ: 2024–25 ലെ മലങ്കസഭാ ആരാധനാ വർഷ കലണ്ടർ പ്രകാശനം ചെയ്തു. ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത, ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. പി കെ കോശിക്ക് ആദ്യ പ്രതി നൽകിക്കൊണ്ടാണ് പ്രകാശനകർമ്മം നിർവ്വഹിക്കപ്പെട്ടത്.രാജസ്ഥാനിലെ 'ജ്യോതിസ് ആശ്രമ' - ത്തിലെ 'ജ്യോതിസ് പബ്ലിക്കേഷൻസ്' ആണ് ഈ കലണ്ടർ പ്രസിദ്ധീകരിച്ചു വരുന്നത്. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ ദീർഘനാളായുള്ള ആഗ്രഹങ്ങളുടെയും പ്രയത്നങ്ങളുടെയും സ്വപ്നസാക്ഷാൽക്കാരമായിട്ടാണ് 2014-ൽ ഇത്തരം ഒരു കലണ്ടർ പ്രസിദ്ധീകരിച്ചു തുടങ്ങിയത്.

# മലങ്കരസഭയ്ക്ക് പുതിയ രണ്ട് ഭദ്രാസനങ്ങൾ

**നമ്പർ: 267/2024**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ
സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
നിങ്ങളേവരുടെയും ക്ഷേമം ചോദിച്ചുകൊണ്ട് നാം അറിയിക്കുന്നത്; അനുദിനം മാറിവരുന്ന ലോക ജീവിത ക്രമത്തിൽ അർത്ഥവത്തും ആത്മ നിറവുള്ളതുമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിന് നമ്മുടെ പ. സഭാ മക്കളെ സജ്ജമാക്കേണ്ടത് പ. സഭയുടെ പ്രധാന ചുമതലയാണല്ലോ. സഭാ മക്കളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ജീവിത മേഖലകളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കത്തക്കവിധം പൗരോഹിത്യശുശ്രൂഷയും സേവനവും കാര്യക്ഷമമാക്കുന്നതിനും പ. സഭയുടെ സത്യവിശ്വാസത്തിൽ സഭാ മക്കളെ വളർത്തുന്നതിനും ഉതകുമാറ് ഇടവക മെത്രാസനതലത്തിൽ ചില പുന:ക്രമീകരണങ്ങൾ ആവശ്യമാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ പഠനങ്ങൾക്കും വിലയിരുത്തലുകൾക്കും ശേഷം 2024 ഒക്ടോബർ മാസം 10-ാം തീയതി സമ്മേളിച്ച നമ്മുടെ അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെയും 2024 ഒക്ടോബർ മാസം 29-ാം തീയതി സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെയും ആലോചനയും ശുപാർശയും സ്വീകരിച്ച് ***ടൊറൊന്റൊ*** കേന്ദ്രമാക്കി **കാനഡ** എന്ന പേരിലും, ഓസ്ട്രേലിയായിലെ ***കാൻബറ*** കേന്ദ്രമാക്കി **ഏഷ്യാ പസഫിക്** എന്ന പേരിലും രണ്ട് പുതിയ മെത്രാസനങ്ങൾ കൂടി രൂപീകരിക്കപ്പെട്ടതായി ഈ കൽപനയിലൂടെ നാം പ്രഖ്യാപിക്കുന്നു. പുതിയ മെത്രാസനങ്ങൾ 2024 നവംബർ മാസം 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ പുതിയ രണ്ട് മെത്രാസനങ്ങളുടെയും ചുമതല നാം ഏറ്റെടുത്തിരിക്കുന്നു. ഈ മെത്രാസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇടവക പള്ളികളുടെ ലിസ്റ്റ് നമ്മുടെ ഒപ്പും മുദ്രയും പതിപ്പിച്ച് ഇതോടൊന്നിച്ച് അയയ്ക്കുന്നു.

വാൽസല്യ മക്കളേ, പ. സഭയുടെ വളർച്ച എന്നു പറയുന്നത് നിങ്ങൾ ഓരോരുത്തരുടേയും ആത്മീയ വളർച്ചയാണ്. ശുദ്ധമുള്ള മത്തായി ശ്ലീഹായുടെ സുവിശേഷം 5-ാം അദ്ധ്യായം 48-ാം വാകൃത്തിൽ ഏഴുതിയിരിക്കുന്നവിധം "ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവീൻ" എന്നുള്ള നമ്മുടെ രക്ഷകനും കർത്താവുമായ യേശുമശിഹായുടെ പ്രബോധനം എപ്പോഴും ഹൃദയത്തിൽ സംഗ്രഹിക്കണം. പുതിയ രണ്ട് മെത്രാസനങ്ങളുടെ ആവിർഭാവത്തോടുകൂടി ആ മേഖലകളിലെ മേൽപ്പട്ടക്കാരുടെ സാന്നിധ്യവും ശുശ്രൂഷയും കൂടിയിരിക്കുകയാണ്. അത് സഭാ മക്കളുടെ ആത്മീകാഭിവൃദ്ധിക്ക് കാരണമാകണം. പ. സഭയുടെ വളർച്ചയ്ക്കും ദൈവനാമ മഹത്വത്തിനും അത് ഇടയാക്കട്ടെ. പുതിയ മെത്രാസനങ്ങൾക്ക് ബലഹീനനായ നമ്മുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും ആശംസകളും നേരുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2024 ഒക്ടോബർ മാസം 30-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**



## പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് റഷ്യൻ ഓർത്തഡോക്സ് സഭയുടെ പരമോന്നത ബഹുമതി

കോട്ടയം: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് റഷ്യൻ ഓർത്തഡോക്സ് സഭയുടെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് ഗ്ലോറി ആൻഡ് ഓണർ അവാർഡ്. മതാന്തര സൗഹൃദം വളർത്തുവാനും സഭകൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കാനും നടത്തിയ നേതൃത്വം പരിഗണിച്ചാണ് ബഹുമതി നൽകുന്നത്. നവംബർ 2 ശനിയാഴ്ച രാവിലെ പരുമല പള്ളിയിൽ വിശുദ്ധ കുർബ്ബാനയെ തുടർന്ന് നടക്കുന്ന സമ്മേളനത്തിൽ വെച്ച് റഷ്യൻ ഓർത്തഡോക്സ് സഭയുടെ അദ്ധ്യക്ഷൻ പരിശുദ്ധ കിറിൽ പാത്രിയർക്കീസിന്റെ പ്രതിനിധിയും എക്സ്റ്റേണൽ എക്യുമിനിക്കൽ റിലേഷൻഷിപ്പ് ചെയർമാനും ആയ ബിഷപ്പ് അന്തോണി സമ്മാനിക്കും. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം ഡോ. തിയോഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ്, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ പ്രസംഗിക്കും.

ചരിത്രരേഖ

# എഴുത്തുകളുടെ നമ്പർ ബുക്ക്

## പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

### മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര

### എ. ഡി. 1926-നു കൊല്ലം 1101 മകരം 13-നു മുതലുള്ള ഡയറി.

1294. ബഥനി മെത്രാച്ചനു. ഫാ. ഹോംസിന്റെ സെന്റ് ഓഫിനു ഒരു സമ്മാനം കൊടുത്തയക്കുന്നതിനു മെത്രാച്ചൻ വേണ്ടവിധത്തിൽ കൊടുത്തു ഭാവിജീവിതത്തിൽ സകലവിധ സുഖആശംസയും പ്രാർത്ഥിക്കുന്നതായി പറയണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1295. ചീരാമ്മേലിൽ ഗീവറുഗീസു കത്തനാർക്കു. കേസുകളെക്കുറിച്ചും മറ്റുമുള്ള വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1296. പാറേട്ടു മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരി സംബന്ധമായ കാര്യങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1297. സി. റ്റി. മാത്യു തരകനു, പള്ളിക്കര. മകളുടെ കല്യാണത്തിന് ആശീർവാദങ്ങളും മംഗളാശംസകളും. ടി തീയതി. ടി സ്ഥലം.

1298. തോലത്തു ചുമ്മാരുകുട്ടിക്ക്. മകന്റെ കല്യാണത്തിനു മംഗളാശംസകളും മറ്റും. ടി തീയതി. ടി സ്ഥലം.

1299. കൊച്ചുമെത്രാച്ചന്. തുമ്പമൺ പള്ളിയിൽ പ്രവേശിക്കുന്നതു നന്നായി എന്നും മാക്കാംകുന്നു നടത്തുവാൻ നിശ്ചയിച്ചിരുന്ന മീറ്റിംഗിനെ വിരോധിച്ചിട്ടില്ലെന്നും വിരോധിക്കുന്നതല്ലെന്നും മറ്റും. 1101 മേടം 26-നു പരുമല സിമ്മനാരിയിൽ നിന്നും.

1300. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും കാതോലിക്കാ ബാവായുടെ ഓർമ്മ ഒരുവിധം ഭംഗിയായി കഴിഞ്ഞതിൽ സന്തോഷിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1301. വടക്കേടത്തു ഗീവറുഗീസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും മാക്കാംകുന്നു, തുമ്പമൺ ഇടവകകളിലെ വഴക്കുകളെ സംബന്ധിച്ചുള്ള വർത്തമാനങ്ങളും മറ്റും. 1101 മേടം 26-നു പരുമല സിമ്മനാരിയിൽ നിന്നും.

1302. ചെറുവത്തൂരു മാത്തു കുരിയാക്കുവിനു. ടിയാന്റെ മകളുടെ കല്യാണത്തെ സംബന്ധിച്ചുള്ള മംഗളാശംസകളും മറ്റും. ടി തീയതി. ടി സ്ഥലം.

1303. ... വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1304. ... ചേരുവാൻ നിവൃത്തിയില്ലെന്നു. 1101 മേടം 29-നു പരുമല സിമ്മനാരിയിൽ നിന്നും.

1305. പി. എം. പത്രോസിനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1306. ... വർത്തമാനങ്ങൾ അറിയിച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

1307. കക്കുടിയിൽ മാത്യൂസ് കത്തനാർക്കു. പണപ്പിരിവിനെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

1308. മുളമൂട്ടിൽ തോമ്മസു കത്തനാർക്കു. ടി കാര്യം.

1309. വടുതല ഈശോ കത്തനാർക്കു. ടി കാര്യം.

1310. താഴത്തെപീടികയിൽ അലക്സന്ത്രയോസു കത്തനാർക്കു. പണപ്പിരിവിനെ സംബന്ധിച്ചു.

1311. മുണ്ടപ്ലാക്കിൽ യാക്കോബു കത്തനാർക്കു. പണപ്പിരിവിനെക്കുറിച്ചു. 1101 മേടം 27-ന് പരുമല സിമ്മനാരിയിൽ നിന്നും.

1312. പുത്തൻപുരയിൽ തോമസു കത്തനാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.



1313. തേരകത്തു ചെറിയാൻ കുഞ്ഞിനു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1314. പാലാമ്പറമ്പിൽ പാപ്പിക്കു. ടിയാന്റെ അപ്പന്റെ മരണത്തെക്കുറിച്ചുള്ള അനുശോചനകത്ത്. 1101 മേടം 20-നു പരുമല സിമ്മനാരിയിൽ നിന്നും.

1315. മട്ടയ്ക്കൽ മല്പാനു. കായലിന്റെ സംഗതിയെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1316. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. വർത്തമാനങ്ങൾ അറിയിച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

1317. പുത്തൻപുരയ്ക്കൽ തോമ്മസു കത്തനാർക്കു. പണപ്പിരിവിനെ സംബന്ധിച്ചയച്ച ലിസ്റ്റും മറ്റും കിട്ടിയെന്നും മറ്റും. 1101 ഇടവം 4-നു പരുമല സിമ്മനാരിയിൽ നിന്നും.

1318. മാവേലിക്കര പുതിയകാവു പള്ളിക്കു. കേസിന്റെ ചിലവിലേക്കുള്ള പണം ഉടൻ അയക്കണമെന്നു. ടി തീയതി. ടി സ്ഥലം.

1319. ശങ്കരത്തിൽ മത്തായി കത്തനാർക്കു. കേസിലേക്കുള്ള പണം ഉടൻ അയച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1320. ... കത്തനാർക്കു. ടി കാര്യം. 1101 ഇടവം 4-നു പരുമല സിമ്മനാരിയിൽ നിന്നും.

1322. ചാവടിയിൽ തൊമ്മിച്ചനു. അയച്ച കത്ത് കിട്ടിയെന്നും ...

1323. മട്ടയ്ക്കൽ മല്പാനു. ശെമ്മാശന്മാരുടെ പഠിത്തത്തെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1324. ... തോമസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1325. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1326. ... പള്ളിക്കാർക്കു. ആ ഇടവകയിലെ ... പുനർവിവാഹശേഷം ... ഈ കുഞ്ഞും അപേക്ഷിച്ചിരിക്കുന്നു. ഈ സംഗതികൾ വാസ്തവമാണെങ്കിൽ മരണക്കിടക്കയിൽ അപേക്ഷിച്ചിരിക്കുന്ന ടി സ്ത്രീക്കു അന്ത്യകൂദാശ എത്തിച്ചു കൊടുക്കേണ്ടതാണ്. കുറ്റപരിഹാരാർത്ഥങ്ങളെ സംബന്ധിച്ചു നിങ്ങൾക്കു സംശയമുണ്ടെങ്കിൽ കൊച്ചുമെത്രാച്ചന്റെ അടുക്കൽ വിവരം അറിയിച്ചു വേണ്ടതുപോലെ ചെയ്തുകൊള്ളണം. എന്നു 101 ഇടവം 5-നു പരുമല സിമ്മനാരിയിൽ നിന്നും.

1327. ഒ. എം. ചെറിയാൻ ബി.എ. എൽ.റ്റി. ക്ക്. റ്റി. എ. വറുഗീസ് ... എന്തെങ്കിലും ഒരു ജോലി കൊടുക്കുന്നതിനുള്ള ശുപാർശക്കത്തു. ടി തീയതി. ടി സ്ഥലം.

1328. ടിയാനു. തഴവ കിഴക്കേ ... ഈ കൊല്ലം മുതൽ ആരംഭിക്കുന്ന ...ക്ലാസ്സുകൾക്ക് ഗ്രാന്റ് അനുവദിക്കണമെന്നു കാണിച്ചു. ടി തീയതി. ടി സ്ഥലം.

1329. കുറിയാക്കോസു റമ്പാച്ചനു. കണ്ണിന്റെ കാര്യത്തെപ്പറ്റി വെല്ലൂർക്കു പോകുന്നതിനെ സംബന്ധിച്ചും അബ്രഹാം എന്നവന്റെ മകന്റെ പേർക്കു വേണ്ടിയ ശുപാർശക്കത്തിനെപ്പറ്റിയും മറ്റും. ടി തീയതി. ടി സ്ഥലം.

1330. കാർത്തികപ്പള്ളി പള്ളിക്കാർക്കു. ... 101 ഇടവം 6-നു പരുമല സിമ്മനാരിയിൽ നിന്നും.

1331. ... പള്ളി വികാരി ... ഗീവറുഗീസു കത്തനാർക്കു. പണം ഉടനെ അയച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

1332. പുത്തൻകാവു പള്ളിക്കാർക്കു. ഈ മാസം 8-നു കാലത്തു അവിടെ എത്തുമെന്നും പിറ്റേദിവസം കോഴഞ്ചേരിക്കു പോകുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1333. പെരളശേരി പള്ളിക്കാർക്കു. ഈ മാസം 8-നു പുത്തൻകാവു പള്ളിയിൽ വരുമെന്നും അവിടെവച്ചു നിങ്ങളെ കാണാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1334. ആറാട്ടുപുഴ പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1335. എടനാട്ടു പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1336. കോയിപ്പുറത്തു പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1337. കൂർത്തമല പള്ളിക്കാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1338. പരിയാരത്തു പള്ളിക്കാർക്കു. ഈ മാസം 10-നു വഞ്ചിത്ര പള്ളിയിൽ ഉണ്ടായിരിക്കുമെന്നും നിങ്ങളെ അവിടെ വെച്ചു കാണുന്നതിന് ആഗ്രഹിക്കുന്നതിനാൽ അവിടെ വന്നുചേരണമെന്നും. ടി തീയതി. ടി സ്ഥലം.

1339. തേവർവേലിൽ ഗീവറുഗീസു കത്തനാർക്കു. ഈ മാസം 9-നു ശനിയാഴ്ച വൈകിട്ടു വഞ്ചിത്ര പള്ളിയിൽ എത്തുമെന്നും, ഞായറാഴ്ച തന്നെയും ആ പുത്തൻപള്ളിക്കാരെയും കണ്ടു സംസാരിക്കേണ്ടതുള്ളതുകൊണ്ടു വഞ്ചിത്ര പള്ളിയിൽ വന്നുചേരണമെന്നും മറ്റും. 1101 ഇടവം 6-നു പരുമല സിമ്മനാരിയിൽ നിന്നും.

1340. കാരാട്ടുകുന്നേൽ പള്ളിക്കാർക്കു. കേസിലേക്കുള്ള പണം ഉടനെ അയച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

1341. ഒരുവട്ടിത്തറ മാത്തുച്ചനു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

1342. കിഴക്കേത്തലയ്ക്കൽ തോമ്മസു കത്തനാർക്കു. വെള്ളിയാഴ്ച കാലത്തു അവിടെ എത്തുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1343. ആലുംമൂട്ടിൽ മൂപ്പച്ചനു. ടി കാര്യം. ടി തീയതി.

1344. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും മറ്റും. ശീമയിലെ വർത്തമാനങ്ങളും. 1101 ഇടവം 7-നു പരുമല സിമ്മനാരിയിൽ നിന്നും.

1345. അഞ്ചേരിൽ വർക്കിപ്പിള്ളയ്ക്കു. കേസുകൾ വേണ്ടപോലെ നോക്കി നടത്തണം എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1346. തേരകത്തു ചെറിയാൻകുഞ്ഞിനു. എതൃകക്ഷികളുടെ അവിടുത്തെ വഴക്കുകളെപ്പറ്റിയും ശീമവർത്തമാനങ്ങളും. ടി തീയതി. ടി സ്ഥലം.

1347. ... അവിടെ ... നടത്തുന്നതിലേക്ക് ഒരു ശെമ്മാശപട്ടക്കാരന്റെ ... പുത്തൻപുരയ്ക്കൽ യാക്കോബു ശെമ്മാശൻ. അയാൾ ബി.എ. യ്ക്കു കത്തനാരുപട്ടം ഏറ്റുകൊണ്ടവിടെ പഠിക്കാൻ ഒരുങ്ങുന്നുണ്ടെന്നറിയുന്നു എന്നും

**ഈ സംഗതികൾ വാസ്തവമാണെങ്കിൽ മരണക്കിടക്കയിൽ അപേക്ഷിച്ചിരിക്കുന്ന ടി സ്ത്രീക്കു അന്ത്യകൂദാശ എത്തിച്ചുകൊടുക്കേണ്ടതാണ്. കുറ്റപരിഹാരാർത്ഥങ്ങളെ സംബന്ധിച്ചു നിങ്ങൾക്കു സംശയമുണ്ടെങ്കിൽ കൊച്ചുമെത്രാച്ചന്റെ അടുക്കൽ വിവരം അറിയിച്ചു വേണ്ടതുപോലെ ചെയ്തുകൊള്ളണം.**

മറ്റും. 1101 ഇടവം 7-നു പരുമല സിമ്മനാരിയിൽ നിന്നും.

1348. തുമ്പമൺ ഇംഗ്ലീഷു സ്കൂൾ ഹെഡ്മാസ്റ്റർ ജോർജ്ജിനു. ആ ഇടവകയിൽപെട്ട വടക്കേ മേലേതിൽ ഇട്ടി കുര്യയുടെ മകൻ കോശിയെന്ന കുട്ടിക്ക് ഇംഗ്ലീഷു പഠിക്കേണ്ട ആവശ്യത്തിലേക്ക് ഗവണ്മെന്റ് വേതനം ലഭിക്കുവാൻ ഉത്സാഹിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

**ഇടവം 7-നു രാത്രി 10 മണിയോടു കൂടെ പരുമല സിമ്മനാരിയിൽ നിന്നും വള്ളം വഴി 8-നു രാവിലെ പുത്തൻകാവു പള്ളിയിൽ എത്തി. വെള്ളിയാഴ്ച പകൽ രണ്ടു മണി കഴിഞ്ഞു പുത്തൻകാവു പള്ളിയിൽ നിന്നും വള്ളം വഴി കോഴഞ്ചേരി കടവിൽ എത്തി. അവിടെ നിന്നു മോട്ടോർ മാർഗ്ഗം വഞ്ചിത്ര പള്ളിയിൽ സന്ധ്യയ്ക്ക് ആറര മണിയോടു കൂടി ചെന്നു ചേർന്നു.**

1349. ഇടവങ്കാടു പള്ളിക്കാർക്കു. പ്രിയരെ, ആ പള്ളിയുടെ വികാരിയായ ഉരുളിപ്പുറത്തു കോശി കത്തനാരുടെ ചില അനാവശ്യ പ്രവൃത്തികളെക്കുറിച്ച് അറിയുന്നതിൽ ഖേദിക്കുന്നു. തോനയ്ക്കാടു പള്ളി വികാരിയായ തട്ടാശ്ശേരിൽ യാക്കോബു കത്തനാരോടുള്ള എന്തോ ചില വിരോധങ്ങൾ നിമിത്തം ടി യാക്കോബു കത്തനാരെ ഉപദ്രവിക്കണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടി ടി തോനയ്ക്കാട്ടു പള്ളിയിൽപെട്ട ജനങ്ങളിൽ ചിലരെ പറഞ്ഞു ഭേഷ്യതപ്പെടുത്തി അവരെക്കൊണ്ടു ടി യാക്കോബു കത്തനാരോടു എതൃപ്പിക്കുകയും ടി കോശി കത്തനാർക്കു തോനയ്ക്കാട്ടു പള്ളിയിൽ യാതൊരു അധികാരമോ അവകാശമോ ഇല്ലാതിരിക്കുമ്പോൾ തോനയ്ക്കാട്ടു പള്ളിയിലെ ... ഇടവങ്കാടു പള്ളിയിൽ ... ഇതു സത്യമാണെങ്കിൽ കോശി കത്തനാരുടെ ... ടി കോശി കത്തനാരുടെ ന്യായരഹിതമായ വേറെയും ചില നടപടികളെക്കുറിച്ച് നിങ്ങളുടെ ഇടവക്കാരു തന്നെ ചിലർ നമ്മുടെ അടുക്കൽ ഹർജി ബോധിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് പിന്നാലെ നാം കല്പന അയയ്ക്കുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ ...

എന്നു 1926 കർക്കടകം 1101 ഇടവം 9-നു കോഴഞ്ചേരി വഞ്ചിത്ര പള്ളിയിൽ നിന്നും.

**ഇടവം 10-നു കുർബ്ബാന കഴിഞ്ഞു 12 മണിയോടു കൂടി കോഴഞ്ചേരി വഞ്ചിത്ര പള്ളിയിൽ നിന്നും ടി പുത്തൻപള്ളിയിലേക്കു പോയി. അവിടെ ചെന്നു ഇടവക സംബന്ധമായ ചില സംഗതികൾ പറഞ്ഞുതീർത്തു രണ്ടര മണിയോടു കൂടി വഞ്ചിത്ര പള്ളിയിൽ തിരികെയെത്തി. മൂന്നര മണിയോടുകൂടി ബഥനി മെത്രാച്ചനുമൊരുമിച്ചു ആവോണത്തു മാത്യുവിന്റെ പുരകൂദാശയ്ക്കു പോയി. പുരകൂദാശ കഴിഞ്ഞു അഞ്ചര മണിയോടുകൂടി വള്ളം വഴി ബഥനി മെത്രാനുമൊരുമിച്ചു തന്നെ (അന്നു) രാത്രി 12 മണിക്കു പരിമല സിമ്മനാരിയിൽ വന്നുചേർന്നു.**

1350. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങളും തെരുവത്തു മൂപ്പച്ചന്റെ ഒരു എഴുത്തു ഒന്നിച്ചയയ്ക്കുന്നു എന്നും, വേണ്ടതുപോലെ ചെയ്തുകൊള്ളണമെന്നും മറ്റും. 1101 ഇടവം 13-നു പരുമല സിമ്മനാരിയിൽ നിന്നും.

1351. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. സമാധാനത്തെപ്പറ്റി ആലോചിപ്പാൻ വരുന്നതു സന്തോഷമാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1352. ചിറയ്ക്കൽ ഉലഹന്നാൻ മാത്തുവിനു, പിറവം. പിറവത്തെ വൈദികയോഗത്തെപ്പറ്റി അറിയിച്ചതിൽ സന്തോഷിക്കുന്നു എന്നു. ടി തീയതി. ടി സ്ഥലം.

53. അഞ്ചേരിൽ വർക്കിപ്പിള്ളയ്ക്കു. കേസുകളെ വേണ്ടപോലെ നടത്തണമെന്നും മറ്റും. 1101 ഇടവം 13-നു പരുമല സിമ്മനാരിയിൽ നിന്നും.


1354. കരവട്ടു മത്തായിക്കു. വർത്തമാനങ്ങൾ അറിഞ്ഞതിൽ സന്തോഷിക്കുന്നു എന്നും ... സന്തോഷമാണെന്നും. ടി തീയതി. ടി സ്ഥലം.

(തുടരും)

**സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH






# 'വി. കുർബ്ബാന ധ്യാനം': ഒരു ആസ്വാദന പഠനം

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

### 1905 കന്നി മാസത്തിൽ കുന്നംകുളത്തു നിന്നും പ്രസിദ്ധീകരിക്കപ്പെട്ട പനയ്ക്കൽ യാക്കോബു കത്തനാർ രചിച്ച 'വി. കുർബ്ബാന ധ്യാനം': ഒരു ആസ്വാദന പഠനം.

പതിനാലാം അദ്ധ്യായം ധൂപപ്രാർത്ഥനകളും അവയുടെ വ്യാഖ്യാനങ്ങളും പ്രസംഗവും എല്ലാം വിശകലനം ചെയ്യുന്നു.

പുരോഹിതൻ ബലിപീഠത്തിൽ ധൂപം അർപ്പിക്കുകയും ജനസമൂഹം പ്രാകാരത്തിൽ നിന്ന് പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലതുഭാഗത്തു നിൽക്കുകയും ദൈവത്തിന്റെ അരുളപ്പാട് പുരോഹിതനെ അറിയിക്കുകയും ചെയ്യുന്നതായി വി. ലൂക്കോസ് (1:9–14) സാക്ഷിക്കുന്നു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനകളോടും കൂടെ ദൂതന്റെ കയ്യിൽ നിന്നും ദൈവസന്നിധിയിലേക്ക് കരേറി' എന്ന് വെളിപ്പാടു പുസ്തകത്തിൽ (5:9, 8:4) വി. യോഹന്നാനും കാണുന്നു. വി. ദൈവമാതാവിന്റെയും സർവ്വവിശുദ്ധന്മാരുടെയും പ്രാർത്ഥനകൾ സർവ്വദാ ദൈവസന്നിധിയിലേക്ക് കയറുന്നതായിട്ടും അവരുടെ മദ്ധ്യസ്ഥപ്രാർത്ഥനകളാൽ നമ്മുടെ യാചനകൾ സ്വീകരിക്കപ്പെടുന്നതായിട്ടും നാം മനസ്സിലാക്കുന്നു. "നീതിമാന്റെ ഓർമ്മ വാഴ്‌വിനായിട്ടാകുന്നു" (സദൃ. 10:7) എന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോനും സാക്ഷിക്കുന്നു! ആകയാൽ വി. കുർബ്ബാനയിലെ ധൂപപ്രാർത്ഥനയുടെ സന്ദർഭം ഏറെ പ്രാധാന്യം അർഹിക്കുന്നത് എന്നത് താൻ ആദ്യമെ ഗ്രഹിച്ചു.


MEDITATION ON HOLY QURBANA.

'വിശുദ്ധ കുർബ്ബാനധ്യാനം.'

8 അണ.

"ദൈവം നമ്മോടുകൂടെ" എന്ന പെന്തിക്കോസ്തിയുടെ സ്മരണയിൽ നിറഞ്ഞു നിൽക്കുമ്പോൾ പട്ടക്കാരൻ പദവിയിൽ നിന്നും ഇറങ്ങി ധൂപാർപ്പണം നടത്തുന്നത് ശ്ലീഹന്മാർ മാളികയിൽ നിന്നും പുറപ്പെട്ട് ലോകമെമ്പാടും പോയി സുവിശേഷം അറിയിക്കുന്നതിന്റെ പ്രതീകമായി (മത്താ. 28:18–20) ഞാൻ മനസ്സിലാക്കി!

പ്രധാനമായും മൂന്നു തവണയാണ് ധൂപാർപ്പണം നടക്കുന്നത്.

1. ദൈവമാതാവായ വി. കന്യകമറിയാമിന്റെ ഓർമ്മയിൽ. ഇത് പെന്തിക്കോസ്തിയുടെ ശേഷം ആദിമസഭ പാതിവൃത്യമുള്ള കന്യകയെപ്പോലെ വിശുദ്ധിയിൽ വളർത്തപ്പെട്ട കാലത്തെ സൂചിപ്പിക്കുന്നു.

2. വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഓർമ്മയിൽ. ഇത് സഭയുടെ പീഡനകാലത്തെയും അതിനെ ക്രിസ്തുവിൽ വിജയിച്ച പ. ശ്ലീഹന്മാർ, ഏവൻഗേലിസ്ഥർ, സഹദേന്മാർ, സത്യവിശ്വാസികളായ പൂർവ്വപിതാക്കന്മാർ എന്നിവരുടെ സഹനകാലത്തെ സൂചിപ്പിക്കുന്നു (1പത്രോ. 5:9–10).

3. സകല വാങ്ങിപ്പോയവരുടെയും ഓർമ്മയിൽ. ആദ്യമനുഷ്യനായ ആദം മുതൽ ഇന്നയോളം ഉള്ള സകല വാങ്ങിപ്പോയവരോടും (1പത്രോ. 3:19, 4:6,16). കർത്താവ് പാതാളത്തിൽ ഇറങ്ങി സുവിശേഷം അറിയിക്കുകയും അവരെ പുനരുത്ഥാനത്തിലേക്ക് വിളിച്ച് ഉണർത്തുകയും ചെയ്യുന്നു. വാങ്ങിപ്പോയവരായ മേൽപ്പട്ടക്കാർ, പട്ടക്കാർ, വിശ്വാസികൾ എന്നിവരെയെല്ലാം ധൂപാർപ്പണത്തോടെ പൊതുവായും സന്ദർഭോചിതമായി പ്രത്യേകമായും ഈ സമയത്ത് ഓർക്കുന്നു.

വി. ത്രിത്വം, വി. കുർബാനയിലൂടെ പ. സഭയിൽ വി. ബലിപീഠത്തിൽ രഹസ്യങ്ങളായി എഴുന്നള്ളിയിരിക്കുകയും 'ദൈവം നമ്മോടുകൂടെ" എന്നു വിശ്വാസസമൂഹം ഒന്നിച്ച് സാക്ഷിക്കുകയും ചെയ്യുമ്പോൾ, നോഹയുടെ പെട്ടകം (ഉല്പത്തി 7:8), മോശയുടെ സമാഗമനകൂടാരവും സാക്ഷിയിൻപെട്ടകവും, നിയമപലകകളും (പുറപ്പാട് പുസ്തകം) മുതൽ "ഇതാ മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ കൂടാരം; അവർ അവന്റെ ജനമായിരിക്കും; അവൻ അവരോടുകൂടെ വസിക്കും...." (വെളി. 21:3). എന്നിവകൾ ഒക്കെ ഓർത്തപ്പോൾ "നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെ ശബ്ദം" (സങ്കീ. 118:15–17) എന്ന ദാവീദുരാജാവിന്റെ പ്രവചനവും നമ്മുടെ കർത്താവിന്റെ മറുരൂപ സംഭവവും ധ്യാനത്തിൽ തെളിഞ്ഞു.

വി. കുർബാനയുടെ പരമപ്രധാനമായ സന്ദർഭത്തിൽ എത്തിനിൽക്കുമ്പോൾ ആദ്യമനുഷരായ ആദമും ഹവ്വയും മുതൽ 'ഇന്നയോളമുള്ള സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം' (എബ്രാ. 12:1) വി. കൂടാരത്തിൽ കൂടിവന്നിരിക്കുന്നു. ആകാശവും ഭൂമിയും സർവ്വപ്രപഞ്ചവും തിരുശരീരരക്തങ്ങളാകുന്ന വി. കൂദാശയിൽ പ. സഭയാകുന്ന വി. കൂടാരത്തിൽ സമ്മേളിച്ച് ദൈവത്തെ സ്തുതിക്കുന്നു. 'നിങ്ങളോടു ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ നിങ്ങളുടെ പ്രാർത്ഥനകളിലും കുർബാനകളിലും – ഓർത്തുകൊള്ളുവീൻ' (എബ്രാ. 13:7) എന്ന ആഹ്വാനഗീതത്തിന്റെ പൊരുളും ഓർത്തപ്പോൾ മറുരൂപമലയിൽ ശിഷ്യന്മാർക്കുണ്ടായ അനുഭവം ഇവിടെ വി. കുർബാനയിൽ സംഭവിക്കുന്നതായി മനസ്സിലാക്കി.

വി. മത്തായി ശ്ലീഹായും (17:1–8), വി. മർക്കോസ് ഏവൻഗേല്യസ്ഥയും (9:2–13) വി. ലൂക്കോസ് ഏവൻഗേല്യസ്ഥയും (9:28–36) ഒരുപോലെ സാക്ഷിച്ച് രേഖപ്പെടുത്തിയിരിക്കുന്ന കർത്താവിന്റെ മറുരൂപം (തേജസ്കരണം) ധൂപപ്രാർത്ഥനയിൽ പ്രതിബിംബിക്കുന്നു; സ്വർഗ്ഗവും ഭൂമിയും ഇവിടെ സമ്മേളിച്ചിരിക്കുന്നു; മോശയും ഏലിയാവും നമ്മുടെ കർത്താവും തേജസ്സിൽ വെളിപ്പെട്ടിരിക്കുന്നു; പത്രോസും യാക്കോബും യോഹന്നാനും ഈ കൂടിക്കാഴ്ച ദർശിക്കുന്നു; 'ഇവൻ എന്റെ പ്രിയപുത്രൻ, ഇവനു ചെവികൊടുപ്പീൻ' എന്ന് മേഘത്തിൽ നിന്നും ഉണ്ടാകുന്ന ശബ്ദം അവർ വ്യക്തമായി കേൾക്കുന്നു. മൂന്നു പേർക്കുമായി ഓരോ കൂടാരങ്ങൾ ഉണ്ടാക്കാമെന്ന് വി. പത്രോസ് അദ്ദേഹത്തിന്റെ മതിഭ്രമത്തിൽ കർത്താവിനോടു പറയുന്നു. മേഘപടലങ്ങൾ മാറിയപ്പോൾ അവർ കർത്താ

വിനെ മാത്രം കാണുകയും അപ്പോൾ ഈ സംഭവം തന്റെ പുനരുത്ഥാനത്തിനുശേഷമല്ലാതെ ആരോടും പറയരുത് എന്ന കർത്തൃകല്പന പ്രകാരം അവർ അത് മൗനമായി വെയ്ക്കുന്നു എന്നും നാം വായിക്കുമല്ലോ. വി. കുർബാനയിൽ കർത്താവിന്റെ മരണം, കബറടക്കം, ഉയർപ്പ്, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി എന്നിവയുടെ അനുസ്മരണത്തിനുശേഷം പ. സഭയാകുന്ന വി. കൂടാരത്തിൽ എല്ലാവരും സംഗമിച്ചിരിക്കുമ്പോൾ പട്ടക്കാരൻ ധൂപാർപ്പണത്തോടെ മൂന്നു തവണ കുക്കിലിയോൻ പ്രാർത്ഥനകൾ നടത്തുന്നത് അതുവരെയും മൗനമാക്കിവച്ചിരുന്നു. മറുരൂപ സംഭവത്തിന്റെ ദൃശ്യആവിഷ്കാരം തന്നെയെന്ന് താൻ ഉറപ്പിച്ചു. സൃഷ്ടാവായ പിതാവിന്റെ ഏകജാതനായ പ്രിയ പുത്രന് ചെവികൊടുക്കേണ്ടത്-അവന്റെ വചനപ്രകാരം ജീവിക്കേണ്ടത് - എത്രയോ ആവശ്യവും ആയത് ഏറ്റവും അഭികാമ്യവുമാകുന്നു എന്നും ഞാൻ മനസ്സിൽ ഉറച്ചു.

അപ്പോഴേക്കും വി. ഏവൻഗേലിപീഠം മദ്ബഹായുടെ മധ്യത്തിൽ സ്ഥാപിക്കുന്നതും പട്ടക്കാരൻ കർത്തൃവചനങ്ങളുടെ പൊരുൾ തിരിച്ച് വിശ്വാസികളെ പ്രബോധിപ്പിക്കുവാനായി പരിശുദ്ധാത്മാവിൽ ശരണപ്പെട്ട് പീഠത്തിലേക്ക് വരുന്നതും കണ്ടു. വി. യോഹന്നാന്റെ വെളിപ്പാടിൽ കാണുന്നതുപോലെ അവന്റെ കയ്യിൽ സർവ്വഭൂവാസികളെയും സുവിശേഷം അറിയിക്കുവാനായി നിത്യസുവിശേഷം ഉണ്ടായിരുന്നു. (വെളി. 10:1-2, 14:6-7).

'വി. കുർബാനയുടെ സ്ഥിതി, ശക്തി, നൽവരം, ശുദ്ധത എന്നിങ്ങനെ അതീവ പ്രാധാന്യം അർഹിക്കുന്ന കാര്യങ്ങൾ അന്നത്തെ ഏവൻഗേലി വായനയുടെ പശ്ചാത്തലത്തിൽ തികഞ്ഞ ഭക്തിവൈരാഗ്യത്തോടെ പട്ടക്കാരൻ വിശ്വാസികൾക്ക് പൊരുൾ തിരിച്ചുകൊടുക്കുന്നത് ശ്രദ്ധിച്ചു. മറ്റു സാധാരണ പ്രസംഗങ്ങൾ പോലെയല്ല; മറിച്ച് വി. കുർബാനയുടെ മർമ്മപ്രധാനങ്ങളായ രഹസ്യങ്ങളെ സഗൗരവം അദ്ദേഹം വ്യാഖ്യാനിച്ചു നൽകിയപ്പോൾ അൽപ്പം മുറിച്ചതുപോലെതന്നെ വചനവും വിശ്വാസികൾക്കായി ഒരുക്കിനൽകുന്നതായും പ്രബോധനത്തിന്റെ ഒടുവിൽ വി. കുർബാന അനുഭവിക്കുവാൻ തയ്യാറാകുന്നവർക്കു വേണ്ടിയുള്ള അനുതാപവാക്കുകളും നിർദ്ദേശങ്ങളും അദ്ദേഹം നൽകുന്നതായും പ്രത്യേകം ശ്രദ്ധിച്ചു.

ന്യായപ്രമാണകാലത്തിലെ പെസഹാ കുഞ്ഞാടിന്റെ വധം സുവിശേഷകാലത്തിലെ വി. കുർബാനയെ ദൃഷ്ടാന്തപ്പെടുത്തുന്നതിനാൽ യിസ്രായേല്യർ എവ്വണ്ണം ഒരുക്കത്തോടെ പെസഹാ ഭക്ഷിച്ചുവോ അവ്വണ്ണം നല്ല ഒരുക്കം വി. കുർബാന സ്വീകരണത്തിന് അത്യന്താപേക്ഷിതമാകുന്നു. 'തിരുവെഴുത്തുകൾ ദൈവശ്വാസീയമാകയാൽ ദൈവമനുഷ്യൻ സകല സൽപ്രവൃത്തികൾക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു' എന്ന പൗലൂസ് ശ്ലീഹായുടെ പഠിപ്പിക്കലും (2 തിമോ. 3:16-17) ഓർത്തുകൊണ്ട് വി. കുർബാന ഭക്ഷിക്കേണ്ടവിധം പട്ടക്കാരൻ വിശദീകരിക്കുന്നത് ഞാൻ അത്ഭുതത്തോടെ ശ്രദ്ധിച്ചു.

പെസഹാ കുഞ്ഞാടിൽ നിഴലായിരുന്ന വി. കുർബാന ഇവിടെ പൊരുളായി നമ്മുടെ മുന്നിൽ വെളിപ്പെട്ടു വന്നിരിക്കുന്നു! അവർ നിന്നുകൊണ്ട് പെസഹാ ഭക്ഷിച്ചു. ഇത് അവരുടെ പുറപ്പാടിന്റെ ആവശ്യകതയും വേഗതയും ഉത്സാഹവും സൂചിപ്പിച്ചതുപോലെ നാമും നാശപുരിയിൽ നിന്നും സ്വർഗ്ഗദേശത്തേക്ക് പോകുവാൻ "വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട്" വി. കുർബാന ഭക്ഷിക്കണം. നിങ്ങൾ ദുഷ്ടതയിൽ ഇരിക്കുകയോ മായയിൽ ഞെളിയുകയോ വഷളത്വത്തിൽ നടക്കുകയോ ചെയ്യരുത്. ഇത് ദൈവം നൽകിയ സ്നേഹവിരുന്നാകുന്നു എന്ന ഉത്തമബോധ്യം നമ്മിൽ ഉണ്ടാകുകയും ധൈര്യസമേതം വിശ്വസിക്കുകയും ഇതിനാൽ നാം പാപമോചനം പ്രാപിക്കുന്നു എന്നും (മത്തായി 26:28, യെശ. 6:7) ഇത് നിത്യജീവനെ പ്രദാനം ചെയ്യുന്നുവെന്നും (യോഹ. 6:51,54) ഇതിനാൽ ദൈവസംസർഗ്ഗത്തിന് നാം അർഹരാകുന്നുവെന്നും (യോഹ. 6:56, 1 കോരി. 10:16) എന്ന വിശ്വാസത്തിൽ ഇരുന്നുകൊണ്ടാണോ (2 കോരി. 13:5) നിങ്ങൾ വി. കുർബാന അനുഭവത്തിലേക്ക് വരുന്നത് എന്നും ആത്മശോധന ചെയ്യണം.

'അവർ അരകെട്ടിയും കാലിനു ചെരിപ്പിട്ടും കയ്യിൽ വടിപിടിച്ചുംകൊണ്ട് തിടുക്കത്തോടെ യഹോവയുടെ പെസഹാ ഭക്ഷിച്ചു' (പുറ 12:11) എന്നു വായിക്കുന്നതുപോലെ നാം സത്യമെന്ന അരകെട്ടു ധരിച്ചും സത്യസുവിശേഷമാകുന്ന ചെരിപ്പുകൾ ഇട്ടും (എഫേ. 6:14,15) അതിലേക്ക് ഒരുങ്ങണം. "എന്തുമാവാം" എന്ന ഭാവത്തിലുള്ള നിങ്ങളുടെ അയഞ്ഞ ളോഹ സത്യത്തിന്റെ അരക്കച്ചകൊണ്ട് കെട്ടിയുറപ്പിക്കണം എന്നും പാപത്തിൽ മരിച്ച് നീതിക്കായി ഉയർക്കപ്പെട്ടതായി (റോമർ 6:11) നിങ്ങൾ ഒരുങ്ങണമെന്നും ഏറെ ദുർഘടമായ ലോകയാത്രയിൽ സ്വർഗ്ഗത്തിലേക്കുള്ള ഇടുക്കുപാതയിൽ ഞെരുക്കം, പീഡ, കഷ്ടത, അപമാനം, പരീക്ഷ എന്നിവയെ ചവിട്ടികടന്ന് പോകേണ്ടതിനാൽ സത്യസുവിശേഷത്തിനുള്ള ഒരുക്കം കാലിനു ചെരിപ്പാകണം എന്നും വിവക്ഷ. കയ്യിലെ വടി ശത്രുസേനകളെ തോൽപ്പിക്കുവാനുള്ള ഒഴിച്ചുകൂടാനാവാത്ത ആയുധമാകുന്നു. അതു ശത്രുവിനെ ജയിക്കുന്ന 'തോറ്റുപോകാത്ത ആയുധമാകുന്ന സ്ലീബായെ സൂചിപ്പിക്കുന്നു.' "നിന്റെ വടിയും കോലും നിന്നെ ആശ്വസിപ്പിക്കും. (സങ്കീ. 23:4) എന്ന തിരുവെഴുത്തുപോലെ വൈരിയായ പിശാചിനെ കർത്താവ് അടിച്ചുമുറിവേൽപ്പിച്ച് (വെളി. 13:3) നശിപ്പിച്ച പ്രകാരം (എബ്രാ. 2:14-15). 'ശത്രുവിനെ കുത്തി മുറിക്കുന്ന ആയുധമായി' (സങ്കീ. 44;5-7) വി. സ്ലീബായാകുന്ന വടി വിശ്വാസിയുടെ കയ്യിൽ എപ്പോഴും ഉണ്ടാകണം.

അവർ പുളിപ്പില്ലാത്ത അപ്പങ്ങളോടുകൂടെ അതിനെ ഭക്ഷിച്ചു' എന്ന് എഴുതിയിരിക്കുന്നത് പ്രതീകാത്മകമാണ്. പുളിപ്പില്ലാത്ത അപ്പം ഘനം കൂടിയതും രുചി തീരെ കുറഞ്ഞതുമായിരിക്കും. മേസ്രേമിൽ അവർ അനുഭവിച്ചുപോന്ന കഷ്ടതകളെ അവ ദൃഷ്ടാന്തീകരിക്കുന്നു. അവരുടെ യാത്ര ധൃതിയിൽ ആയിരുന്നതിനാൽ തൊട്ടിയിലെ മാവു പുളിക്കുന്നതിനു സമയം ഉണ്ടായിരുന്നില്ല. കൂടാതെ മിസ്രേയീമിലെ പുളിമാവായ ജാതീയ ദുരുപദേശങ്ങളെ അവർ ത്യജിച്ചു. കാമക്രോധാദികളായ പുളിമാവിനെ അകറ്റി (1 കോരി. 5:8) "ദുർമ്മനസാക്ഷിയിൽ നിന്നു ശുദ്ധീകരിക്കപ്പെട്ട ഹൃദയങ്ങളും ശുദ്ധീകരിക്കപ്പെട്ട ശരീരങ്ങളും ഉള്ളവരായി, സത്യഹൃദയത്തോടെ വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയത്തിൽ അടുത്തുവരേണം" (എബ്രാ. 10:22) എന്നും ഓർക്കണം.

അവർ കയ്പോടെ അതിനെ ഭക്ഷിച്ചു എന്നത് മിസ്രായേമിൽ അവർ സഹിച്ചുവന്ന കഠോരങ്ങളായ ശിക്ഷകളേയും ഉപദ്രവങ്ങളേയും ഓർമ്മിപ്പിക്കുന്നതുപോലെ മനുഷ്യോപദ്രവിയും നരവൈരിയുമായ പിശാചിന്റെ അടിമത്വത്തിൽ നിന്നും സ്വതന്ത്രമാക്കപ്പെടണം എന്നതിനാൽ പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപത്തോടും കണ്ണുനീരോടും കൂടെ ഈ കുർബ്ബാനയെ അനുഭവിക്കണം.

അവർ അസ്ഥികളെ ഒടിക്കാതെ ഭക്ഷിച്ചു എന്നതിനാൽ പെസഹാ അവർ ഏറെ ബഹുമാനത്തോടെ അനുഭവിച്ചു എന്ന് മനസ്സിലാക്കാം. അസ്ഥികൾ ഒടിക്കുന്നതിന്റെ താല്പര്യം അതിനകത്തുള്ള മജ്ജയെ വലിച്ചു കുടിക്കുവാനാണല്ലോ. എന്നാൽ പെസഹാ ജഡപോഷണത്തിനുള്ള സാധാരണ ഭക്ഷണമല്ലാത്തതിനാൽ അസ്ഥികൾ ഒടിക്കരുത് എന്ന് കല്പിച്ചിരിക്കുന്നു. വി. കുർബ്ബാന ശരീരത്തിന്റെ വിശപ്പു മാറ്റാനുള്ള ഭക്ഷ്യം ആയി കാണരുത്; പിന്നെയോ ആത്മീയ പോഷണത്തിന് ഉള്ളതാകയാൽ ഭക്തിയോടും വിറയലോടും കൂടെ സ്വീകരിച്ച് അനുഭവിക്കണം.

ദൈവത്തിന്റെ ശരീരരക്തങ്ങൾ അനുഭവിച്ചതിനാൽ ദൈവമക്കളായി വിളിക്കപ്പെട്ടിരിക്കുന്ന നിങ്ങളുടെമേൽ അവന്റെ വലങ്കൈ എപ്പോഴും ഉണ്ടായിരിക്കും. അവൻ നിങ്ങളുടെ പാപങ്ങളെയും അകൃത്യങ്ങളെയും ക്ഷമിക്കും. നിങ്ങളോടു യുദ്ധം ചെയ്യുന്ന വൈരികളെ നിങ്ങളുടെ പാദങ്ങൾക്കും കീഴെ വീഴിക്കും. (ആവർത്തനം 28:7). "നിങ്ങളുടെ അന്യായങ്ങളെയും പാപങ്ങളെയും ഇതു മുതൽ ഞാൻ നിങ്ങളോട് ഓർക്കയില്ല." (യെശ. 43:25). നിങ്ങളുടെ പാപങ്ങൾ മൂലം നിങ്ങളുടെ മേൽ വരുത്തപ്പെടുന്ന നാനാതര ശിക്ഷകളിൽ നിന്നും നമ്മുടെ കർത്താവിന്റെ ശരീരവും രക്തവും നിങ്ങളെ വിടുവിക്കും. ഞാൻ നിങ്ങളെ നിത്യജീവന് അവകാശികളാക്കിത്തീർക്കുകയും 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! നിങ്ങൾ വരുവീൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യത്തെ അവകാശമായി അനുഭവിച്ചുകൊൾവീൻ" (മത്താ. 25:34) എന്ന് ദൈവം വലത്തുഭാഗത്തുള്ളവരോട് അരുളിച്ചെയ്യുന്ന തന്റെ സന്തോഷശബ്ദം നിങ്ങളെ കേൾപ്പിക്കുകയും ചെയ്യും; ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളോടുകൂടെ സദാ-സർവ്വദാ വസിക്കുമാറാകട്ടെ! ആയത് ജീവന്റെ മാതാവും വിശ്വാസികളുടെ പ്രശംസാ കിരീടവുമായ ദൈവത്തെ പ്രസവിച്ച കന്യകമറിയാമിന്റെയും ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരുമായ സർവ്വ പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ! ആമ്മീൻ.

ഇതോടെ പതിനാലാം അദ്ധ്യായം അവസാനിക്കുന്നു.

(തുടരും)



## പ്രതിബദ്ധതയോടെ പ്രവർത്തിക്കണം: പരിശുദ്ധ കാതോലിക്കാ ബാവ

പരുമല: സമൂഹത്തിന്റെ വളർച്ചയെ ലക്ഷ്യമാക്കിക്കൊണ്ട് സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിവാഹ ധനസഹായ പദ്ധതിയുടെ ഭാഗമായി ജാതിമത ഭേദമെന്യേ നിർദ്ദനരായ യുവതീയുവാക്കൾക്കുള്ള സഹായ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു പ. ബാവാ. സാമ്പത്തിക പ്രയാസം മൂലം അനേകം കുടുംബങ്ങൾ ആത്മഹത്യയിലേക്ക് തള്ളപ്പെടുന്ന സാഹചര്യം സമൂഹത്തിൽ നിലനിൽക്കുന്നു. ഈ സാഹചര്യം ഉൾക്കൊണ്ടുകൊണ്ട് കുടുംബങ്ങളുടെ പരിപാലനം ഏറ്റെടുക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്നും പരിശുദ്ധ ബാവാ പറഞ്ഞു. യൂഹാനോൻ മാർ പോളിക്കാർപ്പോസ് അദ്ധ്യക്ഷത വഹിച്ചു. ഫാ.ഡോ.തോമസ് വർഗീസ് അമയിൽ, റോണി വർഗീസ് ഏബ്രഹാം, അഡ്വ. ബിജു ഉമ്മൻ, എ. കെ. ജോസഫ്, കെ. വി. പോൾ റമ്പാൻ തുടങ്ങിയവർ പ്രസംഗിച്ചു.



**ഗോവ ഗവർണർ അഡ്വ. പി. എസ്. ശ്രീധരൻ പിള്ള കുന്നംകുളം ഭദ്രാസന ആസ്ഥാനത്ത് സന്ദർശനം നടത്തി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ, പി.യു ഷാജൻ എന്നിവർ ചേർന്ന് അദേഹത്തെ സ്വീകരിച്ചു. അരമന ചാപ്പലിൽ കാലം ചെയ്ത ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ 'സ്മൃതിയോരം' സന്ദർശിച്ച് സൗഹൃദത്തിന്റെ സ്മരണകൾ പങ്കുവെച്ചാണ് മടങ്ങിയത്.**



**കുന്നംകുളം അടുപ്പുട്ടി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ പ്രധാന പെരുന്നാളിന് കൊടിയേറി. കൊടിയേറ്റം ഡോ. ജോൺസ് എബ്രഹാം കോനാട്ട് റീശ് കോർഎപ്പിസ്കോപ്പാ നിർവഹിച്ചു.**

# പ്രാർത്ഥന

## പ. പരുമല തിരുമേനി

- പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു.
- ജനങ്ങളുടെയിടയിൽ സത്യം, സന്മാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവയെ വളർത്താൽ വിദ്യാഭ്യാസത്തിനെ സഹായിക്കുന്നതത്രെ പ്രാർത്ഥന.
- നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.
- ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.
- ദൈവത്തെ അറിഞ്ഞിട്ടും കൈമലർത്തി തങ്ങൾക്കും തങ്ങൾ ഇഷ്ടപ്പെടുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുകയില്ലെങ്കിൽ എങ്ങനെയാണ് മനുഷ്യനെ, ഭാവി ലേശം പോലും അറിയാതെ ജീവിക്കുന്ന ബുദ്ധിഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്നു പറയുന്നത്?
- ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.
- രാപ്പകൽ ഭക്തിയോടുകൂടി ഉച്ചത്തിൽ ദൈവത്തെ പ്രാർത്ഥിപ്പിൻ. ഈ പ്രാർത്ഥന നമ്മിലുള്ള ഇരുളു നീങ്ങാനും, തളർച്ച തീരാനും, നമ്മുടെ പരമമായ രക്ഷയും മോക്ഷവും ലഭിക്കാനും ഏറ്റവും ഉത്തമമായ മാർഗ്ഗമാകുന്നു. വിശ്വസിച്ചു പ്രാർത്ഥിച്ചു ദൈവത്തെ ഭജിപ്പിൻ.
- സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.
- നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.



**സ്ലീബാദാസ സമൂഹത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചുള്ള ഭവനദാന പദ്ധതിയുടെ ഭാഗമായി പുതുതായി നിർമ്മിച്ചു നൽകുന്ന നാലു ഭവനങ്ങളുടെ അടിസ്ഥാനശിലകൾ സ്ലീബാദാസ സമൂഹ സ്ഥാപകൻ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കബറടങ്ങിയിരിക്കുന്ന കർമ്മേൽ ദയറാ ചാപ്പലിൽ വച്ച് സ്ലീബാദാസ സമൂഹം അധ്യക്ഷൻ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ആശീർവദിച്ചു നൽകുന്നു.**

# വിശുദ്ധി നിറഞ്ഞ നവോത്ഥാന നായകൻ

## ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ



വിശുദ്ധിയുടെ തേജസായ പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത (1848–1902) പകർന്നത് സാമൂഹികവും ആദ്ധ്യാത്മീകവുമായ നവോത്ഥാന ദർശനങ്ങളാണ്. വ്രതവിശുദ്ധിയിൽ ആദ്ധ്യാത്മിക ചൈതന്യം പ്രസരിതമാക്കിയ ആ പുണ്യ ജീവിതം 54 വർഷം മാത്രമായിരുന്നു. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന ചരിതത്തിൽ നിർണ്ണായക പങ്കാളിത്തം വഹിച്ച വിശുദ്ധി പകർന്ന നായകനായിരുന്നു പരുമല തിരുമേനി.

ജീവിച്ചിരിക്കുമ്പോൾ തന്നെ വിശുദ്ധ ജീവിതം മാതൃകയാക്കിയ പരുമല തിരുമേനി ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടി. ജനിച്ചു വളർന്ന എറണാകുളം ജില്ലയിലെ മുളന്തുരുത്തി മുതൽ തിരുവല്ലായ്ക്ക് സമീപമുള്ള പരുമല (1848 1877) വരെയുള്ള 29 വർഷം തപോനിഷ്ഠ ജീവിതത്താൽ ആത്മജ്ഞാനം നേടി. പൗരസ്ത്യ ആദ്ധ്യാത്മീകത ജീവിതത്തിൽ സ്വാംശീകരിച്ചു. കഠിനമായ ഉപവാസം, നിരന്തരമായ പ്രാർത്ഥന, ദീർഘമായ മൗനം, ഇന്ദ്രീയ സംയമനം, ധർമ്മാചരണം, ലളിത ജീവിതം എന്നിവയിലൂടെ തപോനിഷ്ഠമായ ജീവിതമായിരുന്നു പരുമലതിരുമേനിയുടേത്.

പരുമല തിരുമേനി മധുര സ്വരത്തിൽ പാടുകയും ആരാധന നടത്തുകയും ചെയ്തിരുന്നു. 'വിനയം, ക്ഷമാശീലം, കരുണ, ഔദാര്യം, നിഷ്കാപട്യം, സമഭാവന തുടങ്ങിയ മൂല്യങ്ങൾ പൂർണ്ണമായി പരുമല തിരുമേനിയിൽ പ്രകാശം പരത്തിയതായി 1902–ൽ പരുമല തിരുമേനിയുടെ പ്രഥമ ജീവചരിത്രകാരനായ എം.പി. വർക്കി രേഖപ്പെടുത്തി. താപസ ജീവിതത്താൽ ആദ്ധ്യാതമിക തേജസ്സ് പകർന്ന മഹായോഗിയാണ് പരുമല തിരുമേനി.

പരുമല തിരുമേനിയുടെ ജീവിതത്തിൻറെ രണ്ടാം ഘട്ടം പരുമലയിൽ എത്തിയതു മുതൽ ഊർശ്ലേം വരെയുള്ള (18771895) 18 വർഷമാണ്. കോട്ടയത്തിന് തെക്കുള്ള മുഴുവൻ പള്ളികളേയും നയിച്ച പരുമല തിരുമേനി, പരുമല കേന്ദ്രീകരിച്ച് മലങ്കര മുഴുവൻ സഞ്ചരിച്ച് വിശ്വാസികൾക്ക് ആദ്ധ്യാത്മീക പ്രബോധനവും സത്യവിശ്വാസ പാഠങ്ങളും പകർന്നു. എല്ലാ പള്ളികളിലേയും പണ പിരിവിന്റെ മുഖ്യ ചുമതല ഉണ്ടായിരുന്നിനാൽ മലങ്കര സഭയിലെ മുഴുവൻ ഇടവകകളിലും ഒരു പരിധി വരെ അദ്ദേഹത്തിന്  അധികാരവും അവകാശവും ഉണ്ടായിരുന്നു. വിശ്വാസാചാരങ്ങളിൽ പൂർണ്ണ യാഥാസ്ഥിതികതയും സഭാ ഭരണ വിഷയങ്ങളിൽ ഉല്പതിഷ്ണുത്വവും പ്രകടമാക്കി.

ക്രൈസ്തവരുടെ പുണ്യ കേന്ദ്രമായ ഊർശ്ലേം സന്ദർശിച്ച ശേഷമുള്ള ഏഴുവർഷമാണ് (18951902) പരുമല തിരുമേനിയുടെ ജീവിതത്തിലെ ഏറ്റവും പ്രകാശപൂർണ്ണമായ മൂന്നാംഘട്ടം. എഴുത്തിലും ദർശനത്തിലും പ്രവർത്തനത്തിലും 'വിമോചന ദൗത്യം' ഉൾച്ചേർത്ത പരുമല തിരുമേനി കേരളത്തിലെ സാംസ്ക്കാരിക നവോത്ഥാനത്തിന് ധീരനേതൃത്വം നൽകി.

ഇംഗ്ലീഷ് വിദ്യാഭ്യാസം, സഞ്ചാര സാഹിത്യം, ദലിത് വിമോചനം, ജീർണ്ണിച്ച സാമൂഹിക ആചാരക്രമളുടെ പൊളിച്ചെഴുത്ത് എന്നിവയിൽ മുഖ്യ പങ്കാളിത്തം വഹിച്ച കർമ്മയോഗിയാണ് പരുമല തിരുമേനി. ജാതീയ ചിന്തകൾക്കും സാമൂഹിക വേർതിരിവുകൾക്കും അതീതമായ സമീപനം പങ്കിട്ട പരുമല തിരുമേനിയുടെ നവോത്ഥാന ദർശനം വേണ്ടത്ര ഉൾക്കൊള്ളുവാൻ പൊതു സമൂഹത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക പരിഷ്കർത്താവ്, അജപാലകൻ, താപസവര്യൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സാഹിത്യകാരൻ, മനുഷ്യസ്നേഹി എന്നിങ്ങനെ നിരവധി വിശേഷണങ്ങൾ ഉണ്ടെങ്കിലും പരിശുദ്ധനായ പരുമല തിരുമേനി എന്ന നിലയിലാണ് അദ്ദേഹത്തിൻറെ പ്രശസ്തി ലോക വ്യാപകമായത്.

കേരളത്തിൽ സാമൂഹിക പരിവർത്തനത്തിന് തുടക്കമിട്ട ഇംഗ്ലീഷ് വിദ്യാഭ്യാസം മലങ്കര സഭയിൽ ശക്തിപ്പെടുത്തണമെന്ന് പരുമല തിരുമേനി ആഗ്രഹിച്ചു. ഇംഗ്ലീഷ് പുസ്തകങ്ങൾ വഴി യഥാർത്ഥ ക്രിസ്തീയ തത്വങ്ങൾ വിദ്യാർത്ഥികളിൽ വേരൂന്നുമെന്നും അതിനാൽ ഇംഗ്ലീഷ് സ്ക്കൂളുകൾ പലയിടങ്ങളിലും ഇനിയും സ്ഥാപിക്കണമെന്നും 1895–ൽ നടത്തിയ പരുമല പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. ജാതിഭേദം കൂടാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകണമെന്ന പ്രബോധനം തുടർ പ്രസംഗങ്ങളിലും എഴുത്തുകളിലും മുഴങ്ങി. തുമ്പമൺ, മുളന്തുരുത്തി, കുന്നംകുളം, നിരണം, തിരുവല്ല തുടങ്ങി വിവിധ സ്ഥലങ്ങളിൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് പരുമല തിരുമേനി പ്രാരംഭമിട്ടു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഉൾക്കാഴ്ച ഊർശ്ലേം സന്ദർശനത്തിന് ശേഷമാണ് പരുമല തിരുമേനിയിൽ ശക്തിപ്പെടുന്നത്. "ജാതീയ വേർതിരിവുകൾ ഇല്ലാതെ ഏവർക്കും വിദ്യാഭ്യാസം" എന്നതായിരുന്നു അദ്ദേഹത്തിന്റെ  ലക്ഷ്യം.

പരുമല തിരുമേനിയുടെ മലയാള ഗദ്യ രചനകൾക്ക് അസാധാരണ വിശുദ്ധിയുണ്ട്. കല്പനകൾ, ഡയറിക്കുറിപ്പുകൾ സ്വകാര്യ ലേഖനങ്ങൾ, ഇടയ ലേഖനങ്ങൾ, പ്രഭാഷണങ്ങൾ എന്നിവയിൽ എല്ലാം പത്തൊമ്പതാം നൂറ്റാണ്ടിൻറെ ഉത്തരാർദ്ധത്തിലെ മലയാള ഗദ്യത്തിന്റെ മാതൃകകൾ കണ്ടെത്താം. മലയാളത്തിലെ പ്രഥമ ലക്ഷണയുക്ത സഞ്ചാര കൃതിയായ ഊർശ്ലേം യാത്രാവിവരണം 1895–ൽ പ്രസിദ്ധീകരിച്ചു. ഇതിലെ സ്വതന്ത്രവും ഉദാത്തവുമായ ഗദ്യം വ്യവഹാര ഭാഷയുടേയും പത്ര ഭാഷയുടെയും സമന്വിത ശൈലിയാണ്. ആശയ സംവേദനത്തിൽ ലളിതവും ശുദ്ധവുമായ ഭാഷ അനിവാര്യമാണെന്ന് മനസ്സിലാക്കിയ പരുമല തിരുമേനി ആശയങ്ങളും വസ്തുതകളും നിരീക്ഷണങ്ങളും സൂക്ഷ്മതയോടെ അപഗ്രഥിച്ച് ഹൃദ്യമായ ഭാഷയിൽ അവതരിപ്പിച്ചു. ഇത് തെളിച്ചവും ലാളിത്യവുമുള്ള ഗദ്യരചനാ ശില്പമാണ്. മലയാള ഭാഷയുടെ വികാസ പരിണാമങ്ങൾ അന്വേഷിക്കുന്നവർക്ക് പരുമല മാർ ഗ്രീഗോറിയോസിന്റെ രചനകൾ അമൂല്യരേഖകളാണ്.

കേരളത്തിൽ ദലിത് വിമോചനം ആദ്യമായി പ്രഖ്യാപിച്ചത് പരുമല തിരുമേനിയാണ്. ഊർശ്ലേമിൽ നിന്ന് തിരിച്ചെത്തി 1895–ൽ പരുമലയിൽ നടത്തിയ ഉജ്ജ്വലമായ ഭക്തവചനം എന്ന പ്രഭാഷണം സാമൂഹിക നവോത്ഥാനത്തിനും ദലിത് വിമോചനത്തിനുമുള്ള ആഹ്വാനമാണ്. സമൂഹത്തിൽ ചവിട്ടിയരയ്ക്കപ്പെട്ട ജനതയുടെ ശക്തീകരണത്തിനുള്ള വിമോചന ദർശനമാണിത്. അവമാനവികരും അവകാശ രഹിതരും തിരസ്കൃതരുമായ ജനതയുടെ വിമോചനം

യാഥാർത്ഥ്യമാക്കണമെന്ന് പരുമല തിരുമേനി ആഗ്രഹിച്ചു. അതിനായി നിരവധി കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചു. സ്വാതന്ത്ര്യം, സമത്വം, സഹോദര്യം എന്നിവയിൽ കേന്ദ്രീകൃതമായിരുന്നു അത്.

ദലിത് ജനതയ്ക്ക് സാമ്പത്തിക ഭദ്രത, വിദ്യാഭ്യാസം, സാമൂഹിക അംഗീകാരം എന്നിവ നൽകണമെന്ന് പരുമല തിരുമേനി നിഷ്കർഷിച്ചു. ജാതി വ്യവസ്ഥയുടെ ജീർണ്ണത ശക്തിപ്പെട്ട കാലത്ത് പരുമല തിരുമേനി ദലിത് ജനതയുടെ ഭവനങ്ങൾ സന്ദർശിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. അവരുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. തിരസ്ക്കാരവും അവഹേളനവും അനുഭവിച്ച ദലിതർക്ക് അന്തസ്സും അംഗീകാരവും നൽകി സ്നേഹ സ്പർശം പകർന്നു. ജാതിഘടനയും ആചാരവും സൃഷ്ടിച്ച ജീർണ്ണതയെ അതിജീവിച്ച് സമൂഹത്തിലെ ദുർബലവിഭാഗങ്ങളെ ചേർത്തുപിടിക്കുവാൻ പരുമല തിരുമേനിക്ക് കഴിഞ്ഞു. ജാതഭേദമെന്യേ എല്ലാ മനുഷ്യരുടെയും അന്തസ്സ് ഉയർത്തുന്നതിനും അംഗീകരിക്കുന്നതിനും പരുമലതിരുമേനി നടത്തിയ പ്രഭാഷണങ്ങളും പരിശ്രമങ്ങളും കേരളചരിത്രത്തിലെ സുവർണരേഖയാണ്. സമഭാവനയും സാഹോദര്യവും സമൂഹത്തിൽ ശക്തിപ്പെടണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

കേരളത്തിൽ 1896-97 കാലത്ത് വരൾച്ചയും ക്ഷാമവും ഉണ്ടായപ്പോൾ പള്ളികളിൽ നിന്നും ഭവനങ്ങളിൽ നിന്നും പരുമല തിരുമേനി പണം സമാഹരിച്ച് മൂലം തിരുനാൾ രാമവർമ്മ മഹാരാജാവിനെ ഏല്പിച്ചു. ജാതിഭേദമെന്യേ ഏവർക്കും സർക്കാർ ജോലി നൽകണമെന്ന ആവശ്യം ഉന്നയിച്ച് 1891 ൽ ആലപ്പുഴയിൽ കൗണ്ടർ മലയാളി മെമ്മോറിയൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ശിശു വിവാഹത്തിനും സ്തീധനത്തിനും ബാല വേലയ്ക്കും പരിസ്ഥിതി ചൂഷണത്തിനും എതിരെ നടത്തിയ പോരാട്ടങ്ങളും ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ടവയാണ്. വിധവകളേയും സ്ത്രീകളേയും വൃദ്ധരേയും എല്ലായിടത്തും സംരക്ഷിക്കപ്പെടണമെന്നും പ്രബോധിപ്പിച്ചു.

പരുമല തിരുമേനിക്ക് സവർണ്ണ സമീപനം പുലർത്തിയ സഭാംഗങ്ങളിൽ നിന്നും ശക്തവും ബാഹ്യവുമായ നിരവധി എതിർപ്പുകൾ നേരിടേണ്ടിവന്നു. ഇതിനെതിരെ പരുമല തിരുമേനി എഴുതി: മറ്റുള്ളവരേക്കാൾ വലിയവൻ എന്നോർക്കരുത്. എത്ര ദരിദ്രനായാലും തങ്ങളെക്കാൾ അവൻ വലിയവൻ എന്നോർക്കുക. ഈ ഓർമ്മ വച്ചുകൊണ്ട് എല്ലാവരേയും ബഹുമാനിക്കുകയും, ആരേയും നിന്ദിക്കാതിരിക്കുകയും ചെയ്യുവീൻ. എല്ലാവരേയും സ്നേഹിക്കണമെന്നും ആദരിക്കണമെന്നും ആഹ്വാനം ചെയ്ത പരുമല തിരുമേനി വ്യവസ്ഥയില്ലാതെ ഏവരേയും സ്നേഹിച്ചു.

**കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിൽ പരുമല തിരുമേനി പങ്കിട്ടത് സമഗ്രമായ മനുഷ്യവിമോചനമാണ്. ജാതി ഭേദങ്ങൾക്ക് അതീതമായി തിരസ്കൃത ജനതയെ മുഖ്യധാരയിലേക്ക് ഉയർത്തണമെന്ന മാനവിക ദർശനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി.**

ദലിത് വിമോചന ദർശനം ഉൾക്കൊള്ളുന്ന പരുമലയിലെ ഭക്തവചന പ്രഭാഷണം നടത്തിയ 1895-ൽ പരുമല തിരുമേനിക്ക് വയസ് 47 ആണ്. സാമൂഹിക നവോത്ഥാന നായകരായി സാമൂഹിക ചരിത്രം രേഖപ്പെടുത്തിയ ചട്ടമ്പി സ്വാമിക്ക് അന്ന് 42 ഉം ശ്രീനാരായണ ഗുരുവിന് 40 ഉം അയ്യങ്കാളിക്ക് 32 ഉം സഹോദരൻ അയ്യപ്പന് ആറും വയസ് മാത്രം. ഇവരിൽ പലരും ദലിത് ദർശനങ്ങളുമായി എത്തിയത് പരുമല തിരുമേനിക്കു ശേഷം എത്രയോ വർഷങ്ങൾ കഴിഞ്ഞാണ്...! കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിൽ പരുമല തിരുമേനി പങ്കിട്ടത് സമഗ്രമായ മനുഷ്യവിമോചനമാണ്. ജാതി ഭേദങ്ങൾക്ക് അതീതമായി തിരസ്കൃത ജനതയെ മുഖ്യധാരയിലേക്ക് ഉയർത്തണമെന്ന മാനവിക ദർശനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി.

മുളന്തുരുത്തിയിൽ നിന്നും പരുമലയിൽ എത്തി കേരളം മുഴുവൻ ഇടയശുശ്രൂഷ പകർന്ന പരുമല തിരുമേനിയുടെ വ്രതവിശുദ്ധമായ ലളിത ജീവിതവും ആത്മീയ ദർശനവും സാമൂഹിക പ്രതിബദ്ധതയും വിശ്വാസ സമൂഹത്തിന് മാതൃകയാണ്. വിശാല കാഴ്ചപ്പാടിൽ മനുഷ്യരെ മനസ്സിലാക്കിയ പരുമല തിരുമേനി പൊതു സമൂഹത്തെ കീഴ്പ്പെടുത്തിയത് തൻറെ സാമൂഹിക പ്രതിബദ്ധതയിലൂടെയും ജീവിത വിശുദ്ധിയിലൂടെയുമാണ്. പരുമല തിരുമേനിയുടെ ലളിതവും സുതാര്യവുമായ ജീവിത വിശുദ്ധി ആഴമായ ദൈവ-മനുഷ്യ ബന്ധത്തിൽ നിറഞ്ഞിരുന്നു. പരുമലയിൽ എത്തുന്ന തീർത്ഥാടകർക്ക് പരുമല തിരുമേനി പങ്കിട്ട സാമൂഹിക കാഴ്ചപ്പാടുകളും വിശുദ്ധിയുടെ ദർശനങ്ങളും കോവിഡാനന്തര കാലത്ത് ഉൾക്കൊള്ളുവാൻ കഴിയണം. വ്രതവിശുദ്ധിയിൽ ആത്മീയ ജീവിതത്തിന്റെ അഭ്യുന്നതിക്കായുള്ള പരുമല തീർത്ഥാടനം ഏവർക്കും ക്ഷേമാഐശ്വര്യങ്ങൾ ലഭ്യമാകുവാൻ കൃപ നൽകട്ടെ. അദ്ദേഹം കബറടങ്ങിയ പരുമല സർവ്വരുടെയും തീർത്ഥാടന കേന്ദ്രമായ പുണ്യ ഭൂമിയായി വളർന്നു.

❑

പരിമള വായന

# അരക്കച്ച മുറുക്കിയ വയർ

## ഫാ. തോമസ് പി. മുകളിൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിക്ക് ശേഷം മലങ്കര സഭയുടെ ചരിത്രം സംഭവബഹുലവും വിധിനിർണായകവുമായ ഒന്നായിരുന്നു. തിരുവെഴുത്ത് വിളംബരത്തോടെ മലങ്കര മെത്രാപ്പോലീത്തായായി വാണിരുന്നത് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് ആയിരുന്നു. സഭയിൽ അദ്ദേഹം പ്രോട്ടസ്റ്റൻറ് ഉപദേശങ്ങൾ കടത്തി വിടുന്നു എന്ന പരാതികൾ പല ഭാഗങ്ങളിൽ നിന്നും ഉയർന്നിരുന്നു.

തദവസരത്തിലാണ് അന്ത്യോഖ്യയിൽ നിന്നും യുയാക്കീം മാർ കൂറിലോസ് മെത്രാൻ കേരളത്തിൽ എത്തുന്നത്. ഗീവർഗീസ് ശെമ്മാശനിൽ ആകൃഷ്ടനായ മാർ കൂറിലോസ് അദ്ദേഹത്തിന് 1885 തുലാത്തിൽ മ്ശംശോനോ പട്ടവും അടുത്ത മാസത്തിൽ കശീശാ പട്ടവും നൽകി. മാർ കൂറീലോസിൽ നിന്നും പൗരസ്ത്യ സഭയിലെ യതിവര്യന്മാരുടെ തപശ്ചര്യകളെപ്പറ്റി ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ വിശദമായി പഠിച്ചു. അവരുടെ സന്യാസ ജീവിതം അദ്ദേഹത്തെ ഹഠാദാകർഷിച്ചു.



തന്റെ ആദർശ പുരുഷനായി അദ്ദേഹം സ്വീകരിച്ചത് മാർ അന്തോണിയോസിനെയായിരുന്നു (എഡി 3). ഈജിപ്തിൽ ജീവിച്ചിരുന്ന താപസൻ ഒരു ധനിക കുടുംബാംഗമായിരുന്നു. “നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ള സകലവും വിറ്റു ദരിദ്രർക്കു കൊടുത്തു നിന്റെ ക്രൂശെടുത്തു എന്റെ പിന്നാലെ വരിക‘ എന്ന കത്താവിന്റെ ആജ്ഞയെ ശിരസാ വഹിച്ച് തന്റെ സ്വത്തു മുഴുവനും ഗ്രാമവാസികൾക്കു് ദാനം ചെയ്ത അനതോണിയോസ്. അതിനുശേഷം വനാന്തരത്തിൽ പോയി ശിഷ്ടായുസ്സ് പ്രാർത്ഥനയിലും ഉപവാസത്തിലുമായി കഴിച്ചുകൂട്ടി. 105-ാമത്തെ വയസ്സിൽ ആ പുണ്യചരിതൻ പരലോക പ്രാപ്തനാകുകയും ചെയ്തു.

മാർ അന്തോണിയോസ്സിന്റെ കാലടികളെ പിന്തുടന്ന് ഒരു സന്യാസിവൈദികനായി പ്രാത്ഥനയിലും വ്രതാനുഷ്ഠാനത്തിലും തന്റെ ജീവിതം നയിക്കണമെന്ന് ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ ദൃഢനിശ്ചയം ചെയ്തു. എന്നാൽ ഈ കർമ്മപരിപാടിയിൽനിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കുന്നതിന് ഒരു പരിശ്രമം നടന്നു. സ്വന്തം

ഇടവകയായ മുളന്തുരുത്തിപ്പള്ളിയിൽ ഒരു ഇടവക വൈദികന്റെ സ്ഥാനം കയ്യേൽക്കണമെന്ന് ഇടവകാംഗങ്ങളും കുടുംബാംഗങ്ങളും അദ്ദേഹത്തെ ശക്തിയായി നിർബന്ധിച്ചു. ഇടവകഭരണം ഏറ്റെടുക്കുന്നത് തന്റെ തപശ്ചര്യകൾക്ക് പ്രതിബന്ധമാകുമെന്നും സഹോദര വൈദികരുടെ വരുമാനത്തെ കുറയ്ക്കുമെന്നും അറിയാമായിരുന്ന അദ്ദേഹം ആ നിർബ്ബന്ധത്തിനു വഴങ്ങിയില്ല. കൂടാതെ തന്റെ താമസം മുളന്തുരുത്തിയിൽ നിന്നും മൂന്നു മൈൽ അകലെയുള്ള വെട്ടിക്കൽ കുരിശു പള്ളിയിലേക്ക് മാറ്റി.

ഇക്കാലത്ത് പാലക്കുന്നത്തു മാർ അത്താനാസ്യോസിന്റെ സഭാനവീകരണ സംരംഭങ്ങളിൽ അസ്വസ്ഥരായിത്തീർന്ന സഭാംഗങ്ങൾ പുലിക്കോട്ടിൽ യൗസേപ്പു കത്തനാരെ മെത്രാൻ സ്ഥാനത്തിനു തെരഞ്ഞെടുത്തു മർദ്ദീനിലുള്ള മാർ യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസിന്റെ അടുക്കലേക്ക് അയച്ചതു. അദ്ദേഹം ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മേല്പട്ടസ്ഥാനം സ്വീകരിച്ച് 1965-ൽ കേരളത്തിലെത്തി.

പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിൻെറ നയങ്ങളെ പ്രതികൂലിച്ചിരുന്ന വലിയ വിഭാഗം ജനങ്ങൾ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു. കോട്ടയം പഴയ സിമ്മനാരി മാത്യൂസ് മാർ അത്താനാസ്യോസിന്റെ അധീനതയിലായിരുന്നതു കൊണ്ട് തെക്കൻ പ്രദേശത്തെവിടെയെങ്കിലും ഒരു പൊതു സ്ഥാപനം ഉണ്ടാക്കി ശെമ്മാശ്ശന്മാരെ പഠിപ്പിക്കേണ്ടതു ഒരു ജീവൽപ്രശ്നമായി തീർന്നു. അതിന്റെ ചുമതല വഹിക്കുന്നതിനു യോഗ്യനായ ഒരു വൈദികനെ റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തണമെന്നും അദ്ദേഹം നിശ്ചയിച്ചു. അതിനെക്കുറിച്ച് അദ്ദേഹത്തിനു വളരെ ആലോചിക്കേണ്ടതായിവന്നില്ല. ചാത്തുരുത്തി ഗീവറുഗീസ് കോർഎപ്പിസ്കോപ്പായുടെ പേരാണ് അദ്ദേഹത്തിന്റെ ഹൃദയത്തിൽ പെട്ടെന്നുദിച്ചുയർന്നത്. അതനുസരിച്ച് മുളന്തുരുത്തിയിൽ പോയി വേണ്ടപ്പെട്ടവരുമായി ആലോചിച്ച് 1872 ഏപ്രിൽ 7 വചനിപ്പു പെരുനാൾ ദിവസം അദ്ദേഹത്തിനു റമ്പാൻ സ്ഥാനം നല്കയും ചെയ്തു.

വെട്ടിക്കൽ പള്ളിയിലെ താമസകാലത്താണ് ഗീവറുഗീസ്സ് റമ്പാച്ചന്റെ തപാനുഷ്ഠാനങ്ങൾ അതിന്റെ പൂർണ്ണവികാസത്തിലെത്തിയത് കൂടുതൽ സമയം പ്രാർത്ഥനയിലും വേദവായനയിലും ധ്യാനത്തിലും അദ്ദേഹം ചെലവഴിച്ചു. നോമ്പുകാലങ്ങളിൽ വ്രതാനുഷ്ഠാനങ്ങൾ കൂടുതൽ കർക്കശമായിരുന്നു. ആ ദിവസങ്ങളിൽ ഇരുപത്തിരണ്ടര (3 മണി) വരെ ഉപവസിക്കുമായിരുന്നു. അതിനുശേഷം കഴിക്കുന്ന ഭക്ഷണവും വളരെ ലഘുവായിരുന്നു. അരയും വയറും നല്ലതു പോലെ ഒതുക്കത്തക്കവണ്ണം ഒരു അരക്കച്ചകൊണ്ടു് ശരീരം മുറുകെ ചുററിയിരുന്നു. ഇതു കുളിക്കുമ്പോൾ മാത്രമേ അഴി ക്കുമായിരുന്നുള്ളു. വളരെ മുറുകെ ഇതു ചുറ്റിയിരുന്നതിന്റെ പാട് ദേഹത്ത് നല്ലതുപോലെ കാണാമായിരുന്നു എന്നു അദ്ദേഹത്തിന്റെ ശിഷ്യന്മാർ അനുസ്മരിച്ചിട്ടുണ്ട്.

ശരീരത്തെ അശേഷം കരുതാതെയുള്ള റമ്പാച്ചന്റെ ഉപവാസത്തിൽ പരിഭ്രാന്തനായ അദ്ദേഹത്തിൻെറ പിതാവ് ദേഹ രക്ഷയ്ക്കായുള്ള ചില മരുന്നുകളുമായി സ്വപുത്രന്റെ അടുക്കൽ വന്നു സങ്കടം പറഞ്ഞു. പിതാവിന്റെ നിർബന്ധം മൂലം കുറച്ചു മരുന്നു സേവിച്ചു എന്നു വരുത്തി അദ്ദേഹത്തെ സമാശ്വസിപ്പിച്ച് മടക്കിവിട്ടു.




**പരുമല തിരുമേനിയുടെ 122-ാം ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് നടത്തപ്പെടുന്ന വടക്കൻ മേഖലാ പരുമല തീർഥയാത്ര പരിശുദ്ധന്റെ മാതൃ ഇടവകയായ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ നിന്നും ഡോ. യാക്കോബ് മാർ ഐറേനിയോസ് ആശീർവദിച്ച് ആരംഭിച്ചു.**



**നെടുമാവ് സെന്റ് പോൾസ് വലിയ പള്ളിയുടെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി പള്ളി മാനേജിങ് കമ്മറ്റിയുടെ നേതൃത്വത്തിൽ കൂനൻ കുരിശു തീർത്ഥാടന കേന്ദ്രത്തിൽ വികാരി ഫാ. കുര്യൻ സഖറിയ പെരിയോർമറ്റത്തിന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബാനയിൽ സംബന്ധിച്ചു. കൂനൻ കുരിശിങ്കൽ പരിശുദ്ധ സഭയ്ക്കായി പ്രത്യേക പ്രാർത്ഥന നടത്തി സത്യവിശ്വാസ വാചകം ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് ചൊല്ലിക്കൊടുത്തത് വിശ്വാസികൾ ഏറ്റുചൊല്ലി. തുടർന്ന് നടന്നതായ ചരിത്ര പഠന ക്ലാസ് മാർ ദീയസ്കോറോസ് ഉദ്ഘാടനം ചെയ്തു. മാനേജർ ബെന്യാമിൻ റമ്പാൻ ക്ലാസ് എടുത്തു.**




**നിലക്കൽ ഭദ്രാസന പ്രാർത്ഥനയോഗം-അഭ്യന്തര സുവിശേഷ സംഘം സംയുക്ത സമ്മേളനം അഖില മലങ്കര പ്രാർത്ഥനയോഗം പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസ് ഉത്ഘാടനം ചെയ്യുന്നു.**

## ജെ. ഇലഞ്ഞി അവാർഡ് സഖറിയ പെരുമ്പടവത്തിന്



ഇലഞ്ഞി: ജെ. ഇലഞ്ഞി ഫൗണ്ടേഷന്റെ ഈ വർഷത്തെ സാഹിത്യ അവാർഡിന് (ഇരുപതിനായിരം രൂപയും ശില്പവും) സാഹിത്യകാരനും ഗവേഷകനും പ്രസാധകനുമായ സഖറിയ പെരുമ്പടവത്തിന്റെ മനമെഴുത്ത് എന്ന കൃതി അർഹമായി. പുരസ്കാര സമർപ്പണം നവംബർ 17-ന് ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ബെനീഞ്ഞ ലൈബ്രറി ഹാളിൽ വച്ച് നടക്കും. ചെയർമാൻ പ്രൊഫ. ഡോക്ടർ വി. എം. മാത്യു അറിയിച്ചു.

# വീണ്ടുമൊരു പരുമലക്കാലം!

## ഡെറിൻ രാജു

ക്രിസ്തുവിനെ പലർക്കും പല രീതിയിലായിരുന്നുവല്ലോ പരിചയം. പത്രോസും സഖാക്കളും അവനെ നേരിട്ടറിഞ്ഞു; എന്നാൽ മർക്കോസിനു അവനെ അത്ര പരിചയമില്ലായിരുന്നു എന്നാണ് സൂചന; എങ്കിലും അറിയാമായിരുന്നു. എപ്പോഴോ ഒരിക്കൽ തന്നെ എടുത്ത് മടിയിൽ വച്ചു എന്നതിനപ്പുറമായി വലിയ പരിചയം ഇഗ്നാത്തിയോസിനു ഉണ്ടായിരുന്നോ എന്നു സംശയമാണ്. പൗലോസാകട്ടെ ഏതാണ്ട് സമകാലികരായിരുന്നെങ്കിലും ക്രിസ്തുവിന്റെ ജീവിതകാലത്ത് അദ്ദേഹത്തെ കണ്ടതായും സൂചനയില്ല. തന്നെ നേരിട്ട് കണ്ടതും അറിഞ്ഞതുമായ തലമുറകൾ കടന്നു പോയപ്പോൾ എന്നാൽ ക്രിസ്തു മാഞ്ഞു പോയില്ല. അവൻ  അവന്റെ ആശയങ്ങളിൽ ജീവിച്ചു. നേരിട്ട് കണ്ട ജനതതിക്കപ്പുറമായി സഹസ്രങ്ങൾ ആ ആശയവും ആ ജീവിതവും ദർശനവും ഏറ്റുവാങ്ങി; പ്രതിസന്ധി പ്രയാസഘട്ടങ്ങളിൽ ആ ജീവിതം നമുക്ക് നൽകിയ വിപ്ലവാശയങ്ങളും ആശ്വാസ-പ്രത്യാശകളും അണയാത്ത പ്രകാശമായി ഇന്നും നിലകൊള്ളുന്നു.

കാലാതിവർത്തിയായ ആ നിലനിൽപ്പിന്റെ മറ്റൊരു രൂപം മലങ്കരയ്ക്കു ചിരപരിചിതമാണ്. വീണ്ടും ആ ഓർമ്മ സജീവമാകുന്ന കാലത്തിലേക്ക് നാം കടക്കുകയാണ്. മലങ്കരയുടെ വലിയ മാർ ഗ്രീഗോറിയോസിന്റെ ഓർമ്മ!

ഒന്നേമുക്കാലോളം നൂറ്റാണ്ടിനപ്പുറം ഒരു ചെറിയ ഗ്രാമത്തിൽ ജനിച്ച്; ഒരു ചെറിയ ശിഷ്യ സമ്പത്താർജിച്ച്, ഒരു മെത്രാപ്പോലീത്തയായി, 54 വർഷങ്ങൾ മാത്രം ജീവിച്ച്, അതിൽ ഏറിയ പങ്കും പമ്പാനദിയുടെ സംഭാവനയായ പരുമല ദ്വീപിൽ കഴിഞ്ഞുകൂടിയ ഒരു മനുഷ്യൻ. തന്റെ മരണത്തിന്റെ 122 വർഷങ്ങൾക്കിപ്പുറവും പ്രസക്തമായ ഒരു പ്രകാശരശ്മിയായി നിലകൊള്ളുന്നു. ആ ഓർമ്മ തന്നെ അന്ധകാരമയമായ നമ്മുടെ ജീവിതങ്ങളെ പ്രകാശിപ്പിക്കുവാൻ പര്യാപ്തമായതാണ്. കൂരിരുളിൽ തെളിഞ്ഞു കത്തുന്ന വഴിവിളക്കാണ്. എങ്ങനെയാണ് ക്രിസ്തു ബോധ്യവും പരുമല തിരുമേനിയും സാമ്യമുള്ളതാകുന്നത്? തന്നെ കണ്ടറിഞ്ഞ ശിഷ്യരും അവരുടെ ശിഷ്യരും കടന്നു പോയെങ്കിലും ക്രിസ്തു കാലാതീതമായും അതിർത്തികളില്ലാതെയും പ്രഘോഷിക്കപ്പെട്ടതു പോലെ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയും സ്മരിക്കപ്പെടുന്നു; ശിഷ്യരും അവരുടെ ശിഷ്യരും വരച്ചു കാട്ടി നമ്മെ ബോധ്യപ്പെടുത്തിയ ഒരു വിശുദ്ധ പർവതത്തിലൂടെ. ആ പർണ്ണശാലയും മണ്ണും അനേകായിരങ്ങൾക്ക് അവരുടെ വിഷമതകൾ ഇറക്കി വച്ച് ആശ്വാസം കണ്ടെത്താവുന്ന ഇടമായിരിക്കുന്നു. മലങ്കരയുടെ ഏറ്റവും വലിയ നിക്ഷേപങ്ങളിലൊന്നും ആ ചെറുദ്വീപിലുറങ്ങുന്ന മുനിയാണ്. ആ മുനി കാട്ടിയ വഴിയും പഠിപ്പിച്ചേൽപ്പിച്ച പാഠങ്ങളുമാണ്.

വിശുദ്ധിയുടെ പരമ്പരാഗത വിശേഷണങ്ങൾപ്പുറമായി അദ്ദേഹം പ്രവർത്തിച്ചു. ആദ്യകാല സന്യാസ പിതാവായ അന്തോണിയോസിന്റെ ജീവിതം തന്നെ വളരെ സ്വാധീനിച്ചിരുന്നെങ്കിലും അദ്ദേഹം എപ്പോഴും ഒരു ഏകാന്തവാസിയായിരുന്നില്ല. വിശുദ്ധിയെന്നത് ഒരു കൊക്കൂണിലേക്ക് ഒതുങ്ങി പ്രാപിക്കേണ്ടതാണെന്ന ബോദ്ധ്യം അശേഷം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അതിനാൽ തന്നെ അന്തർമുഖനായ വിശുദ്ധനായിരുന്നില്ല അദ്ദേഹം. സാമൂഹിക ജീവിതത്തിൽ സജീവമായി ഇടപെട്ടു. സഭയ്ക്കു തന്റെ സേവനം ഏതെല്ലാം സമയത്ത് ഏതെല്ലാം ഘട്ടങ്ങളിൽ ഏതെല്ലാം വിധത്തിൽ ആവശ്യമുണ്ടായിരുന്നോ അപ്പോഴൊക്കെ അദ്ദേഹം അതിനായി തയ്യാറായിരുന്നു. സുന്ദരമായ ഒരു സാഹിത്യകൃതി ചമച്ചു. മലയാളത്തിലെ ആദ്യകാല സഞ്ചാര സാഹിത്യ കൃതികളിൽ എണ്ണപ്പെട്ടതായി അത് ഇന്ന് പരിഗണിക്കപ്പെടുന്നു. വിദ്യാലയങ്ങൾ സമൂഹത്തിനാവശ്യമെന്ന ഉത്തമ ബോദ്ധ്യത്തോടെ സ്കൂളുകൾ സ്ഥാപിച്ചു. വിശാലമായ ഭൂപ്രദേശത്തിന് അജപാലനം നിർവഹിച്ചു. ശാസിക്കേണ്ടവയെ ശാസിച്ചും തിരുത്തേണ്ടവയെ തിരുത്തിയും അദ്ദേഹം അജപാലന ദൗത്യം കൃത്യമായി നിറവേറ്റി.

മലങ്കരയുടെ മന:സാക്ഷിയും ശക്തിസ്രോതസും പരുമലയുടെ ആ മണ്ണിലുറങ്ങുന്ന ഗുരുവാണ്. ഗുരു കടന്നു പോയിക്കഴിഞ്ഞു ഗുരുവിന്റെ ശിഷ്യർ ആ



കബറിങ്കൽ ആശ്വാസം കണ്ടെത്തിയവരാണ്. അവരുടെ ശിഷ്യരോട് ആ മണ്ണിന്റെ പവിത്രത  പറഞ്ഞേൽപ്പിച്ചാണ് അവരും കടന്നു പോയത്. അവർ അവരുടെ അനുഗാമികളോടും. അതിലേറ്റവും സവിശേഷമായി നമ്മൾ അനുസ്മരിക്കേണ്ട നിരവധി പേരുകളുണ്ട്. താൻ എപ്പോഴും പ്രാർഥിക്കാൻ ഏൽപ്പിച്ചിരുന്ന കൊച്ചു മെത്രാച്ചന്റെ വിയോഗമറിഞ്ഞ് തളർന്നു പോയ, കബറടക്ക ശുശ്രൂഷയിൽ കാർമികത്വം വഹിക്കാൻ പോലും തന്റെ ദുഃഖഭാരം സമ്മതിക്കാതിരുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമൻ തിരുമേനിയുടെയും തന്റെ ഗുരുവിന്റെ അംശവസ്ത്രങ്ങൾ അണിഞ്ഞു തന്നെ അടക്കം ചെയ്യണമെന്ന് നിർദ്ദേശിച്ച പരിശുദ്ധ ഗീവറുഗീസ് ദ്വിതിയൻ ബാവായുടെയും തനിക്കു പരുമല തിരുമേനിയുടെ സന്നിധിയിലുള്ള ചികിത്സയും വിശ്രമവും മതിയെന്ന് തീരുമാനിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതിയൻ ബാവായുടെയും തുടങ്ങി എത്രയെത്ര ഉദാഹരണങ്ങൾ നമ്മെ വഴി നടത്തുന്നു. ആ ഓർമ്മ തന്നെ ഒരു സൗരഭ്യമാണ്. ഒരു  ധൈര്യമാണ്.

ഏതു പ്രതിസന്ധിയേയും അതിജീവിക്കുവാൻ നമുക്ക് ഉൾക്കരുത്താകാവുന്ന ഒന്നാണ് ആ ദർശനവും ജീവിതവും; ആ സ്മരണ ഒരേ സമയം ഇമ്പകരവും അതേ സമയം വരദായകവും.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Article

# Learning with Awe and Wonder:

## Embracing Responsible Knowledge Acquisition



Fr. Dr. Jossi Jacob

"Education is not filling of a pail but the lighting of a fire." William Butler Yeats. This renowned quote from W.B. Yeats, the celebrated Irish poet of the twentieth century, eloquently captures the true essence of education. Education is not merely the accumulation and transmission of information. If it is reduced to the simple act of transferring data into the minds of students, it becomes nothing more than the filling of a bucket, devoid of warmth, inspiration, or guidance. No fire is kindled, no light illuminates the path of life.

In creating the world, God endowed it with vast potential, gifting humanity with the diverse capacities to explore, understand, and unlock its mysteries. The pursuit of knowledge should clarify human perspectives and expand their horizons. When knowledge is acquired with depth and purpose, it ignites the mind like a fire, casting light not only within but also outward to others. The true flame of learning, once kindled, endlessly seeks more fuel, ever yearning to radiate brighter. Learning, when nurtured with the right perspective, awakens an insatiable thirst for knowledge—a thirst that drives one to share wisdom with others, motivated by love and a genuine desire for their well-being.



### Three Modes of Learning According to St Ephrem the Syrian

St. Ephrem the Syrian, a great Church Father and Spiritual Poet of the fourth century, speaks to us of three distinct approaches to learning: learning without passion, learning with passion, and learning with awe and wonder. We can observe these tendencies within ourselves and others, shaping the purpose and attitude toward learning in diverse ways.

At times, we find ourselves learning certain subjects without any genuine interest, compelled by circumstances or external pressures. We may study simply to secure a job, sustain our livelihood, or obtain academic qualifications, yet without any deep engagement in the process. In such instances, learning becomes a tedious, uninspiring, and unproductive endeavour. There is a detachment from the knowledge acquired, leaving the learner unfulfilled, with their potential for self-actualization diminished. St. Ephrem dismisses this impassionate approach to learning as both unfruitful and empty, for it nourishes neither the mind nor the soul. True learning, he suggests, must stir something deeper within us if it is to enrich and elevate the human spirit.

The second approach to learning, as he describes, is one imbued with passion. This method involves the learner eagerly gathering information and diligently analyzing it to achieve a profound understanding of the subject. St. Ephrem views this process as a passionate endeavor to master the object or field of study with fervor. However, while this approach may transform the learner into a determined conqueror, it often lacks the joy that comes with genuine exploration. Though the knowledge acquired enriches the intellect of the seeker, it contributes little to the deeper illumination of the soul.

The third and most magnificent way of learning is to engage with it through awe and wonder. According to St. Ephrem, the learner has to approach the subject matter with genuine affection and curiosity, rather than with feelings of detachment or alienation. He explains that wonder fosters love for what we learn, enriching the pleasure of the learning experience. Consequently, the process of learning transforms into a joyful adventure. This approach instils a sense of responsibility in us, encouraging the careful stewardship of the knowledge we acquire and fostering a mindset of joyfully sharing it with others.

Knowledge is a gracious gift from the Creator, entrusted to us to understand its purpose and the proper way to handle it. This is a vital principle to remember as we engage in the learning process. While human beings invent many things, the potential for any invention already exists in the universe as created by God. Approaching learning with awe and wonder transforms us into lovers of knowledge, deepening our faith and awe in God's might and love for us. Every acquisition of knowledge should lead to the strengthening of our convictions to uphold truth and extend love to others. Moreover, it inspires us to glorify God's love and grace that flows throughout all creation.

### The Interplay of Faith and Science

When we examine the advancements in science and technology through the lens of faith, we can perceive those innovations as manifestations of humanity's quest to explore the potential and possibilities that God has embedded within the universe. This perspective invites us to consider that each scientific breakthrough is not merely a product of human ingenuity but rather a response to a divine invitation to unlock the mysteries of creation.

Moreover, this interplay between faith and science can inspire a deeper sense of responsibility towards the ethical implications of our technological advancements. By recognizing that these gifts are rooted in a greater purpose, we are called to use our knowledge and skills in ways that honour the divine and promote the welfare of all creation. In this light, the journey of scientific discovery and learning become a sacred endeavour, guiding us towards a more profound appreciation of the universe and our place within. Each new insight we gain not only enriches our appreciation of the world around us but also strengthens our faith and devotion to Him. Ultimately, this knowledge inspires a greater sense of reverence and worship, drawing us closer to the divine.

❑



# HISTORY OF CHRISTIANITY IN A POST-TRUTH WORLD

Fr. Job Sam Mathew

(Orthodox Theological Seminary, Kottayam)

### Introduction

Christianity has greatly influenced the world. The history of Christianity is a significant area of academic study. The goal of historians is to uncover and communicate historical information, and an aspect of that task involves looking into the complexities of Christian history. Gaining knowledge of the history of Christianity can help one better understand historical developments in politics, society, the economy, and culture. This paper is an introduction to the necessity and key issues surrounding the study of the history of Christianity in a post-truth era.

### Importance of Studying the History of Christianity

The study of Christianity has developed into a distinctive interdisciplinary field. Previously, it was referred to as "Church History" or "Ecclesiastical History." The phrase "History of Christianity" is widely used today to refer to an exhaustive study of Christianity's thought, practices, literature, history, and culture. This academic study is vital for understanding the development of the Christian Church and its faith, as well as the broader impacts of Christian teachings and practices.

Historical accounts (narratives) play a vital role in shaping and maintaining community identities. They foster a shared sense of past among members. The writing, teaching, translating, and re-reading of history can cultivate a strong sense of belonging within communities. This is particularly evident in the case of the St. Thomas Christians in India, who trace their origins to the evangelistic activities of Apostle St. Thomas.

Studying history provides meaningful dialogue with society by providing valuable lessons and insights that can address contemporary challenges and opportunities. It helps individuals identify the various participants and influences involved in specific issues. It advances their understanding of complex scenarios. In an ecumenical context, the study of history facilitates better understanding among different Christian traditions and promotes ecumenical dialogues and ventures.

### Interdisciplinary Studies

Academic research and discussion are necessary to fully comprehend the subtle notions presented in primary and secondary sources about the history of Christianity. Historians utilize different methodologies to strive for "objectivity" while minimizing bias in their assessments. Multidisciplinary research has become essential as academic circles recognize the inherent diversity that has existed within Christianity since the beginning. Simple models or singular theories are not sufficient to adequately explain the unfolding of historical issues. This points out the necessity for an in-depth approach. Therefore, historians realize that it is not feasible for any single scholar to maintain expertise across all areas of historical research. This understanding has transformed history into a heterogeneous academic arena, where collaboration across disciplines is highly valued.

In order to comprehend the complexities of Christianity and offer more accurate explanations, historians are increasingly turning to interdisciplinary studies. This shift has been triggered by the influx of new evidence, such as the Dead Sea Scrolls from Israel, the Nag Hammadi library from Egypt, and the Turpan Manichaean documents from China. The goal of current efforts is to overcome the theoretical and methodological difficulties that come with studying such a complex history. By employing interdisciplinary methodologies, scholars are presenting surprisingly new insights and details that improve our understanding of Christianity.

Studying historical contexts is essential for understanding how theological concepts, practices, and canonical rules have evolved over time. Historians consider the influence of different characters and issues before starting their analysis in a local context and working gradually towards a bigger canvas. They aim to present the social, political, cultural, and economic realities surrounding important events and movements. Likewise, historians investigate how historical narratives are constructed and the limitations that shape their work.

Today, historical scholarship narrated in dictionaries, handbooks, and monographs is uniting a wide range of case studies and perspectives to help readers in unfamiliar sub-specialties. These works do not aim to present a monolithic interpretation of historical events. They admit their inherent limitations of not covering every aspect of analysis in equal depth. As a result, the term "histories" is preferred over "history" in the titles of these volumes, reflecting the complexity of the subject. Historians work with social anthropologists, philologists, and other disciplines to advance their analyses. Additionally, disciplines like archaeology, epigraphy, and numismatics contribute valuable insights to historical research.

### Challenges in Studying History

The past does not present itself as a clear or simple narrative. Every historical narrative is a constructed interpretation. It is essential to differentiate between fiction and nonfiction to provide an objective (or balanced) perspective on each topic addressed. Historians face challenges when studying complex subjects, especially if they do not use interdisciplinary methods. Influential intellectual streams such as Marxism, feminism, post-modernism, and post-colonialism have expanded the academic landscape. They inspired a shift from traditional models of historical narration. This development emphasizes the necessity for historians to rethink and modify their approaches in accordance with diverse perspectives. The traditional narrative frameworks have been obviously replaced by more advanced methodologies.

All perspectives and methodologies in historical study possess both advantages and limitations. Selectivity, bias, and subjectivity frequently creep

into the work of historians, despite their best attempts to eradicate them. Although historical sources and narratives make an effort to portray the past "as it was," they are never able to fully capture every aspect of the issues, characters, and significance. The inherent biases of historians unavoidably influence their interpretations and presentations. Consequently, narratives are created by historians rather than being straightforward reflections of reality.

Distinguishing truth from fiction can often be challenging in historical research. Because biases, aspirations, prejudices, and assumptions are present in all sources. The notion of the historian's "innocent eye" is increasingly recognized as difficult to maintain and defend. This awareness highlights the complexities involved in interpreting historical events and their narratives. Also, it is problematic to evaluate past perspectives and methodologies only through the lens of our current knowledge. Such an approach risks imposing biases on historical research.

### Prospects

There are numerous examples of historical disinformation, denial, omission, and deception regarding Christianity's history, traditions, practices, and beliefs. Social media and the information age are major contributors to the proliferation of myths and conspiracy theories, as they provide excellent platforms for the dissemination of these kinds of stories. Because of this context, history has been openly distorted in order to erase any negative elements of the past for political, religious, and commercial reasons. Political interference in textbooks, museums, conferences, and scholarships is increasingly evident.

Those with vested interests propagate distrust of expertise. This tendency can be seen from the politicization phenomenon in India, in which specific agendas are promoted by manipulating historical narratives. Sadly, the necessary academic objection against these disinformation efforts is often weak and insufficiently vocal. Consequently, critical historical research within Christian circles faces considerable reduction, limiting the discussion around these crucial issues.

Today, many excellent institutions and faculties are dedicated to studying and researching Christianity. They organize workshops and prepare handbooks and volumes for publication. These institutions help scholars and students gain closer access to manuscripts and primary sources. They foster collaboration among researchers from various countries. Their combined efforts enable large-scale projects that advance the discipline. The integration of Artificial Intelligence is transforming the scholarly language and approaches of this generation, allowing for innovative methodologies. Recent developments in the humanistic sciences, critical theory, and historiography are being used by academics on a greater scale.

Every historical narrative is open to scrutiny and criticism, leading to the challenge of previously accepted views. This shift has reduced the claims of superiority associated with any particular historical event or movement. Glorified, triumphant narratives are being rejected in favor of more complex interpretations. The validity of chauvinistic or ethnocentric narratives is being questioned in light of critical analysis. The lines separating the past, present, and future become less clear as researchers work to understand history as a whole. In the end, interdisciplinary research reveals the complete picture.

### Conclusion

An abundance of information can be found in the history of Christianity. It encourages a necessary dialogue between the past and the present. Many people in today's post-truth world exhibit disinterest toward historicity and historical research. So it is essential to evaluate historical narratives using rigorous academic methodology. This is especially true in light of the crisis of trust that arises between mediocre Christians and atheistic circles. Every Christian must understand the history of Christianity in order to fully comprehend their faith and way of life. Additionally, this understanding helps the believers and their communities to practice, preserve, and transfer their identities and heritage.

History, as memory, makes generations aware of important figures, places, events, and movements that shape their identity. This awareness strengthens individuals' attachment and commitment to their communities. It also fosters a sense of belonging to both the local community and the global Christian community. Every Christian should take an active role in historical study and discussion in the post-truth world of today.

### Bibliography

Beverley Southgate. History: What and Why? London: Routledge, 1996.

Lawrence Abrams and Kaleb Knoblauch, eds. Historians Without Borders: New Studies in Multidisciplinary History. New York: Routledge, 2019.

Marius Gudonis and Benjamin T. Jones, eds. History in a Post-Truth World: Theory and Praxis. New York: Routledge, 2021.

Michael Bentley, ed. Companion to Historiography. London: Routledge, 1997.

Susan Ashbrook Harvey, ed. The Oxford Handbook of Early Christian Studies. New York: Oxford University Press, 2008.




സുറിയാനി സംഗീതത്തിന് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് ഫാ. എൻ. കെ കോരുത് മല്പാൻ അവാർഡ് ഡോ. എം.പി. ജോർജ് കോർഎപ്പിസ്കോപ്പായ്ക്ക്  സെറാംപൂർ സർവ്വകലാശാലയുടെ പ്രസിഡൻറ് ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ നൽകുന്നു. ഫാ. അനൂപ് രാജു, ഡോ. ജാസി ഗിഫ്റ്റ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. വർഗീസ് ജോർജ് എന്നിവർ സമീപം



ഗീവർഗീസ് മാർ ഈവാനിയോസിന്റെ നാമത്തിൽ പാമ്പാടി അഭയഭവൻ സൊസൈറ്റിയുടെ കീഴിൽ ഇലകൊടിഞ്ഞിയിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന GMI Centre നു വേണ്ടി കോട്ടയം ഭദ്രസനത്തിലെ എല്ലാ ദേവാലയങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ആരംഭിച്ച ജി.എം.ഐ. സെന്റർ ദശാംശ സമർപ്പണം തോട്ടയ്ക്കാട് മാർ അപ്രേം പള്ളയിൽ നടത്തപ്പെട്ടു. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് ദശാംശം ഏറ്റുവാങ്ങി.



സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജോർജ്ജ് ആലഞ്ചേരി പ. പരുമല തിരുമേനിയുടെ കബറിടം സന്ദർശിച്ചു.



ബത്സേഥാ മിഷൻ ഹോം ഔദ്യോഗികമായ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തുമ്പമൺ ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലേക്ക് ചേർക്കപ്പെട്ടു. ഈ സ്ഥാപനത്തിൽ നിലവിൽ മുപ്പതോളം പേർ ഇപ്പോൾ താമസിച്ചു വരുന്നു. ബത്സേഥാ മിഷൻ ഹോമിന്റെ പ്രസിഡന്റും മാനേജിംഗ് ട്രസ്റ്റിയുമായ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഏബ്രഹാം മാർ സെറാഫീം കൂദാശ ചെയ്ത് തിരി തെളിച്ചു സമർപ്പിച്ചു. തുടർന്ന് പുതിയ ഓഫീസ് റൂം ഉത്ഘാടനം ചെയ്തു.




**The Biennial Sunday School Students Camp NUHRO was held at St. Mary's School, Naroda hosted by St. Mary's Orthodox Cathedral – Ahmedabad from 30th October to 1st November, 2024. The Theme of the Camp was "Walk in Purity" Psalms 119:9.**



തൃശ്ശൂർ ഗവൺമെൻറ് ലോ കോളേജിൽ നടന്ന യൂണിയൻ തെരഞ്ഞെടുപ്പിൽ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട വരുൺ ഗാരി. കഴിഞ്ഞ യുണിയൻ തെരഞ്ഞെടുപ്പിൽ വരുൺ ജനറൽ ക്യാപ്റ്റനായി മൽസരിച്ച് വിജയിച്ചിരുന്നു. കുന്നംകുളം സെന്റ് ലാസ്സറസ് പഴയ പള്ളി ഇടവക അംഗമായ പുലിക്കോട്ടിൽ ഗാരിയുടെയും റിനുവിന്റെയും മകനാണ്.



അഖില മലങ്കര പ്രാർഥന യോഗം കണ്ടനാട് ഈസ്റ്റ് ഭദ്രാസന വാർഷിക യോഗം മൂവാറ്റുപ്പുഴ സെന്റ് തോമസ് കത്തിഡ്രലിൽ നടന്നു. ഫാ. ഏലിയാസ് ചെറുകാട് വേദ പഠനത്തിന് നേതൃത്വം നൽകി.



പരുമല പെരുന്നാളിനോടനുബന്ധിച്ചുള്ള ഗ്രീഗോറിയൻ പ്രഭാഷണ പരമ്പര മഹാത്മാഗാന്ധി സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. മനോജ് മാത്യു, മത്തായി ടി. വർഗീസ്, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പാൻ, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ജോജി ജോർജ്ജ് എന്നിവർ സമീപം.




അഖില മലങ്കര പ്രാർത്ഥനയോഗത്തിന്റെ അഹ്മദാബാദ് ഭദ്രാസനാതല ഉത്ഘാടനവും ഏകദിന കോൺഫറൻസും 2024 ഒക്ടോബർ 31-നു അഹ്മദാബാദ് സെന്റ് മേരിസ് സ്കൂൾ അങ്കണത്തിൽ വെച്ച് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ തെയോഫിലോസിന്റെ അധ്യക്ഷതയിൽ നടന്നു. ഫാ. ബെഞ്ചമിൽ സ്റ്റീഫൻ (മുംബൈ) ക്ലാസുകൾ നയിച്ചു. ഭദ്രാസനത്തിലെ ഇടവകകളിലെ പ്രാർത്ഥനയോഗ പ്രതിനിധികൾ പങ്കെടുത്തു. അഹ്മദാബാദ് സെന്റ് മേരീസ് ഓർത്തഡോക്ശ്സ് കത്തീഡ്രൽ ദേവാലയം ആണ് ഈ ഭദ്രാസന കോൺഫെറെൻസിന് മേൽനോട്ടം വഹിച്ചത്.





കഴിഞ്ഞ ഒരു വർഷക്കാലം ആരാധനാകാലത്തെ ഞായറാഴ്ച ഏവൻഗേലിയോനെ ആസ്പദമാക്കി വചന തീർത്ഥം എഴുതിയ ബഹു. ഫാ. ജെറിൻ ജോൺ അടൂർ, ബഹു. ഫാ. സജോയി സമുവേൽ എന്നിവർക്ക് ന്യൂസ് ബുള്ളറ്റിൻ പ്രവർത്തകരുടെയും വായനക്കാരുടെയും പേരിൽ ഹൃദയപൂർവ്വമായ നന്ദി അറിയിക്കുന്നു.

– പത്രാധിപ സമിതി





**പ. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി ക്രമീകരിച്ച ബസ്ക്യോമോ അസ്സോസിയേഷൻ സമ്മേളനം ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. മോബ പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.**



## സംഗീതത്തിന്റെ വിശുദ്ധി ആത്മീയതയെ ശക്തിപ്പെടുത്തും: മാർ അപ്രേം

മാന്നാർ: സംഗീതത്തിന്റെ വിശുദ്ധി ആത്മീയതയെ ശക്തിപ്പെടുത്തുമെന്ന് സെറാംപൂർ സർവ്വകലാശാല പ്രസിഡന്റ് ഡോ. സഖറിയാസ് മാർ അപ്രേം പറഞ്ഞു. പരുമല പെരുന്നാളിനോട് അനുബന്ധിച്ച് ഓർത്തഡോക്സ് സെമിനാരി ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അഖില മലങ്കര ഗായക സംഘം സംഗമം 'സ്മർ ശുബ്ഹോ 24' ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. സംഗീതം പകരുന്ന ആത്മീയ ദർശനം ദൈവത്തോടുള്ള ബന്ധം ആഴമാക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നുവെന്ന് പ്രശസ്ത സംഗീത സംവിധായകനും ഗായകനുമായ ഡോ. ജാസി ഗിഫ്റ്റ് പറഞ്ഞു. പരുമല പെരുന്നാൾ ഗായക സംഘം സംഗമത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ജാതിഭേദമെന്യേ ഏവരെയും ഒന്നിപ്പിച്ചു നിർത്തുവാൻ കഴിയുന്ന ദൈവിക കലയാണ് സംഗീതമെന്നും അദ്ദേഹം പറഞ്ഞു.

സുറിയാനി സംഗീതത്തിൽ നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്ക് മുൻ ഡയറക്ടർ ഡോ. എം.പി. ജോർജ് കോർ എപ്പിസ്കോപ്പായ്ക്ക് കോരുതു മല്പാൻ അവാർഡ് നൽകി ഡോ. സഖറിയാസ് മാർ അപ്രേം ആദരിച്ചു. 25000 രൂപയും ശില്പവുമായിരുന്നു അവാർഡ്.

രാവിലെ പരുമല പള്ളിയിൽ നടന്ന കുർബ്ബാനയ്ക്ക് ആയിരത്തിലധികം ഗായകസംഘാംഗങ്ങൾ നേതൃത്വം നൽകി.



**ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പരുമല അഴിപ്പുരയിൽ നടക്കുന്ന 144 മണിക്കൂർ അഖണ്ഡ പ്രാർത്ഥന ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഉദ്ഘാടനം ചെയ്തു.**



**കോട്ടയം ഭദ്രാസനം ഡ്രൈവേഴ്സ് ഫോറം (CHARIOT 2024) സംഗമം നടത്തപ്പെട്ടു. ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്ന് നൂറിലധികം ആളുകൾ പങ്കെടുത്ത സംഗമം ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് ഉദ്ഘാടനം ചെയ്തു. റിട്ടയേർഡ് RTO റോയ് തോമസ്, ഫാ. കെ. എം. സഖറിയ, ഡോ ജേക്കബ് മണ്ണുമ്മൂട്, ഫാ. തോമസ് കുര്യൻ, ഫാ. അനൂപ് എബ്രഹാം, ഫാ. ലെൻസൺ സ്കറിയ എന്നിവർ പ്രസംഗിച്ചു. ഫാ. മോൻസി വർഗീസ്, ഫാ. ജോൺ എബ്രഹാം, മെത്രാസന കൗൺസിൽ അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.**




## കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ പങ്ക് നിസ്തുല്യം: ഏബ്രഹാം മാത്യു

പരുമല: കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ പങ്ക് നിസ്തുല്യമാണെന്ന് കേരള സംസ്ഥാന ബുക്മാർക് സെക്രട്ടറി ഏബ്രഹാം മാത്യു പ്രസ്താവിച്ചു. ഗ്രിഗോറിയൻ പ്രഭാഷണ പരമ്പരയിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. ജെ. മാത്തുക്കുട്ടി, മത്തായി ടി. വർഗീസ്, ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്, സജി മാമ്പ്രക്കുഴി, ജോൺസൺ കല്ലട, മാത്യു ഉമ്മൻ അരികുപുറം, പി. എ. ജോസ് പുത്തൻപുരയിൽ എന്നിവർ പ്രസംഗിച്ചു.

വചനതീർത്ഥം



# കൂദോശ് ഈത്തോ ഞായർ

## (വി. മത്തായി – 16:13–20)

## ഫാ. മോൻസി ഫിലിപ്പ്

(കൊട്ടാരക്കര-പുനലൂർ ഭദ്രാസനം)

പ. സഭയുടെ ആരാധനാവർഷത്തിലെ ആദ്യ ഞായർ. 'കൂദോശ് ഈത്തോ' ഞായർ. 'കൂദോശ് എന്ന വാക്കിന്റെ അർത്ഥം ശുദ്ധീകരണം. 'ഈത്തോ' എന്ന വാക്കിന്റെ അർത്ഥം സഭ. സഭയുടെ ശുദ്ധീകരണം എന്നാണ് 'കൂദോശ് ഈത്തോ' എന്നതിന്റെ പൂർണ്ണമായ അർത്ഥം. സഭയുടെയും, ദൈവാലയത്തിന്റെയും, വിശ്വാസികളുടെയും ശുദ്ധീകരണത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുന്ന ഞായർ. സഭയുടെ ശുദ്ധീകരണത്തോടൊപ്പം നമ്മുടെ ജീവിതങ്ങളും, നമ്മുടെ പ്രവൃത്തികളും വിശുദ്ധമാകുവാൻ, ശുദ്ധീകരണം പ്രാപിപ്പാൻ ഇടയാകണം. പ. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്ന്" (1 കോരി. 3:16). ആയതിനാൽ ദൈവത്തിന്റെ ആലയമായ നാം ശുദ്ധീകരണത്തിന്റെ അനുഭവത്തിൽ എത്തണം. "ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ" 1 കോരി. 3:17-ന്റെ അവസാനഭാഗം. നമ്മുടെ ശുദ്ധീകരണം 'തളരുവാനല്ല തളിർക്കുവാൻ വേണ്ടിയാണ്.

ഇന്നത്തെ വേദഭാഗം വി. മത്തായി 16:13-20 വരെ. ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്ത് എത്തിയ യേശുതമ്പുരാൻ ശിഷ്യന്മാരോട് ചോദിക്കുന്ന രണ്ട് ചോദ്യങ്ങൾ:-

1. ജനങ്ങൾ എന്നെ ആരെന്ന് പറയുന്നു?
2. നിങ്ങളെന്നെ ആരെന്നു പറയുന്നു?

ജനങ്ങളും ശിഷ്യന്മാരും തന്നെ എപ്രകാരം മനസ്സിലാക്കിയിരിക്കുന്നു എന്നറിയുവാനുള്ള ചോദ്യങ്ങൾ. ജനങ്ങൾ യോഹന്നാൻ, യിരെമ്യാവ്, ഏലീയ ഇങ്ങനെ പലതരം ഉത്തരങ്ങൾ പറയുന്നു. പത്രോസ് ശ്ലീഹാ നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു. യേശുതമ്പുരാൻ ഇത് നിനക്ക് വെളിപ്പെടുത്തി തന്നത് പിതാവാണ് എന്ന മറുപടി പറഞ്ഞു. പാപമോചനാധികാരം നൽകി. സ്വർഗ്ഗരാജ്യ താക്കോൽ നൽകി. താൻ ആരാണെന്ന് ആരോടും പറയരുത് എന്ന് അമർച്ചയായി കൽപ്പിക്കുകയും ചെയ്തു. ഈ വേദഭാഗത്തെ രണ്ട് ചോദ്യങ്ങൾ കാലികമായി വലിയ ചിന്തകൾ പകരുന്നു.

### 1. ജനങ്ങൾ എന്നെ ആരെന്ന് പറയുന്നു?

യേശുതമ്പുരാന്റെ ഈ ചോദ്യം മനുഷ്യർ വല്ലതും പറയുന്നുണ്ടോ എന്ന അസഹിഷ്ണുതാപൂർവ്വമായ അന്വേഷണമായിരുന്നില്ല. മറിച്ച് തന്റെ സത്യം വേണ്ടുവോളം മറ്റുള്ളവർക്ക് മനസ്സിലായോ എന്നറിയാൻ വേണ്ടിയായിരുന്നു. കണ്ടറിവിന്റെയും കേട്ടറിവിന്റെയും വെളിച്ചത്തിൽ സത്യങ്ങൾ അസത്യങ്ങൾ ആകുന്ന കാലഘട്ടത്തിൽ കർത്താവിന്റെ ചോദ്യം കണ്ണുതുറപ്പിക്കുന്നതിന്റെ ആ..രമാകട്ടെ. യേശുതമ്പുരാനെക്കുറിച്ച് മനുഷ്യമറുപടികൾ പലതായിരുന്നു. കാരണം അവർ പ്രതീക്ഷിച്ച മശിഹായായിട്ടല്ല കർത്താവ് പ്രത്യക്ഷമായത്. ചിലർ പറയുന്നു യോഹന്നാൻ മാംബ്ദാന ഉയർത്തെഴുന്നേറ്റതാകാം. മലാഖി 4:5-ൽ പറയുന്നപോലെ ഏലിയാ പ്രവാചകനെ അയയ്ക്കും എന്ന പ്രവചന നിവർത്തി ആകാം. യിരെമ്യാവോ മറ്റ് പ്രവാചകന്മാരോ എന്നൊക്കെ. എന്നാൽ യഥാർത്ഥമായ സത്യത്തെയും ക്രിസ്തുവിനെയും പൂർണ്ണമായി അറിയുവാൻ മനുഷ്യന് സാധ്യമല്ല കാരണം അവൻ പരിമിതനാണ്. മനുഷ്യന് തന്റെ പരിമിതി മനസ്സിലാക്കി ദൈവത്തിൽ പൂർണ്ണമായി സമർപ്പിച്ചു എങ്കിൽ മാത്രമേ സത്യങ്ങൾ തിരിച്ചറിയുവാനുള്ള ജ്ഞാനം ലഭിക്കുകയുള്ളു. അതിനായി മനുഷ്യൻ വിശുദ്ധിയുടെ പടവുകൾ ഏറണം. ജീവിതം വിശുദ്ധമാക്കണം, സംഭാഷണങ്ങൾ വിശുദ്ധമാക്കണം. ശുദ്ധീകരണത്തിലൂടെ മാത്രമേ 'തിയോസിസ്'ന്റെ അനുഭവമുണ്ട്. ക്രിസ്തുവിനെ യഥാർത്ഥമായും മനസ്സിലാക്കുലാൻ സാധിക്കുകയുള്ളു. ശുദ്ധീകരണം പ്രാപിച്ച് ദൈവീകരണത്തിൽ എത്തുവാൻ മൂന്ന് വഴികൾ.

a. Through word of God

b. Through the Sacraments

c. Through the Prayers.

ഇതിലൂടെ തിരിച്ചറിവുള്ള, ആത്മികമായ മനുഷ്യരാകാം.

### 2. "നിങ്ങൾ എന്നെ ആരെന്ന് പറയുന്നു"

ഒന്നാമത്തെ ചോദ്യം അകലെ നിന്നവരോടെങ്കിൽ രണ്ടാമത്തെ ചോദ്യം അടുത്തു നിൽക്കുന്നവരോടാണ്. എന്നു പറഞ്ഞാൽ കർത്താവിന്റെ ശരീരരക്തങ്ങൾ കുടികൊള്ളുന്ന നമ്മുടെ ജീവിതങ്ങളോട്. ശിഷ്യഗണത്തിൽ നിന്ന് പത്രോസ് ഈ ചോദ്യത്തിന് ഉത്തരം പറഞ്ഞു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന്. (16: 15-16) ഇത് ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റു പറച്ചിൽ ആണ്. നാലാം നൂറ്റാണ്ടിൽ അലക്സാന്ത്രിയായിലെ വി. അത്താനാസിയോസ് പഠിപ്പിക്കുന്നു. "മനുഷ്യൻ ദൈവമാകാൻ ദൈവം മനുഷ്യനായി." ഈ തിരിച്ചറിവ് നമുക്ക് ഉണ്ടാകുമ്പോൾ ആത്മീയതയുടെയും വിശ്വാസത്തിന്റെയും ആരാധനാ ജീവിതത്തിന്റെ നല്ല സാക്ഷികൾ ആകും നാം. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിൽ കർത്താവ് അവനെ ഭാഗ്യവാൻ എന്ന് വിളിക്കുന്നു. "ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇത് വെളിപ്പെടുത്തിയത്." (മത്താ. 16:16) യുക്തിക്കും, ബുദ്ധിക്കും, മറ്റുള്ളവരുടെ പഠിപ്പിക്കലിനും, കണ്ടുപിടിത്തത്തിനും അപ്പുറമാണ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ വെളിപ്പെടുത്തൽ.

ഈ വിശ്വാസപ്രഖ്യാപനം മൂലം പത്രോസ് 'പാറ' എന്ന് വിളിക്കപ്പെടുകയും ഈ പാറമേൽ എന്റെ സഭയെ ഞാൻ പണിയും. എന്നു പറഞ്ഞാൽ പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസത്തിൽ എന്റെ സഭയെ ഞാൻ പണിയും എന്നാണ്. പിന്നീട് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഏൽപ്പിക്കുകയും ചെയ്തു.

പരിശുദ്ധ സഭയിലെ വിശുദ്ധന്മാരും പരിശുദ്ധന്മാരും ശുദ്ധിമതികളും പൂർവ്വ പിതാക്കളും ദൈവാത്മാവിനാൽ വെളിപ്പെട്ടുകിട്ടിയ ആത്മീയ സത്യങ്ങളെ തിരിച്ചറിഞ്ഞ് ജീവിച്ചവരായിരുന്നു. അവർ സഭയെ കാത്തു ശുദ്ധീകരിച്ചു. സഭയെ പണിതു. അതിനാൽ നാമും ശുദ്ധീകരണം പ്രാപിച്ച് വിശുദ്ധിയിൽ വളർന്ന് "ക്രിസ്തു എന്ന യഥാർത്ഥ പാറയിൽ" (1 കോരി. 10:4) വിശ്വസിക്കാം, ആശ്വസിക്കാം, ജീവിക്കാം. ആമ്മീൻ



**മലങ്കര ഓർത്തഡോക്സ് സഭയുടെ മദ്യവർജ്ജന സമിതിയുടെ ആഭിമുഖ്യത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ 122-ാമത് ഓർമ്മപെരുന്നാളിനോട് അനുബന്ധിച്ചു പരിമളം ബോധവൽക്കരണ സെമിനാർ നടന്നു. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ഉത്ഘാടനം ചെയ്തു. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി.**

Church Calendar

# SANCTIFICATION OF THE CHURCH (Koodosh Etho)

## (St. Matthew 16: 13-23)

# The Confession and the Cross: A Journey of Revelation and Humility



Dn. Aaron Joshua John
(Diocese of Delhi)

"Who do you say that I am?" asks Christ and Peter responds with his confession, "You are the Christ, the Son of the living God." This dialogue takes place in Caesarea Philippi, a region known for its pagan worship and worldly distractions. Amidst this setting, Peter's declaration stands as a moment of divine revelation, offering a foundation for the Church's faith. This biblical passage sets the tone to the beginning of the liturgical year in the Syrian Orthodox tradition. Koodosh Etho meaning "Sanctification of the Church," is a time when the Church collectively seeks spiritual renewal and purification, preparing itself to be a worthy dwelling place for God's presence. This season resonates with Old Testament themes of sanctification and renewal, reminding us of the consecration of the Temple in 1 Kings 8 and the prophetic calls to repentance in books like Isaiah. Just as the ancient Israelites were called to purify themselves and renew their covenant with God, Koodosh Etho invites us to renew our commitment to Christ and to understand His divine nature more deeply.

**1. A Confession Revealed from Heaven**

Peter's declaration, "You are the Christ, the Son of the living God." Jesus affirms Peter's insight by saying, "Blessed are you, Simon Bar-Jonah, for flesh and blood has not revealed this to you, but My Father who is in heaven." This statement emphasizes that Peter's recognition of Jesus as the Messiah is not the result of human understanding but a divine revelation. It is as if God has pulled back the veil, allowing Peter to see the true identity of Christ.

This act of revelation mirrors the sanctifying work of Koodosh Etho, where the Church seeks a deeper understanding of the divine mystery of Christ. Just as Peter's insight was a gift from God, so too are our moments of spiritual clarity, when God's truth is made manifest to us. St. John Chrysostom captures this beautifully, teaching that "It is as though Christ said, 'My Father has revealed this to you, and has made you known to Me... for you have not learned who I am from any human being, but from My Father.'" This reminds us that our faith is not solely the result of study or effort, but a divine gift that requires our openness to God's grace.

In this moment, we see the fulfilment of Old Testament prophecy, such as Isaiah 28:16, where God promises a "precious cornerstone" upon which His people will build their faith. Peter's confession aligns with the ancient hope for a Messiah and establishes a foundation for the Church. Just as the consecration of the Temple in the Old Testament was a moment of dedication to God's presence, Peter's confession marks a turning point in the establishment of the spiritual "Temple", the Church built upon the rock of faith.

This also connects to the sacramental life of the Church, particularly the sacrament of Baptism. In Baptism, we participate in Peter's confession, acknowledging Jesus as the Christ and entering into the new life that He offers. Through the waters of Baptism, we are washed clean, just as Koodosh Etho calls us to renew our hearts and live in holiness. It is a reminder that our journey of faith begins with this confession of Christ as Lord and continues through a life of commitment to the truth revealed by God.

**2. The Path of the Cross: A Revelation of Humility**

Following Peter's confession, Jesus begins to reveal the true nature of His mission, saying, "The Son of Man must go to Jerusalem and suffer many things... and be killed, and on the third day be raised." This revelation of the suffering Messiah is difficult for Peter to accept, prompting him to say, "Far be it from You, Lord; this shall not happen to You!" Jesus responds sternly, "Get behind Me, Satan! You are a hindrance to Me, for you are not setting your mind on the things of God, but on the things of man."

This moment challenges the expectations of the disciples and invites us to embrace the paradox of the Cross. Peter, who had just confessed the divinity of Christ, now finds himself resisting the idea of a suffering Messiah. This is a reminder that true discipleship requires us to surrender our human understanding to God's greater plan—a lesson that is deeply echoed in the spirit of Yeldo, the celebration of the Nativity. During Yeldo, we celebrate the Incarnation, the moment when God humbled Himself to become a child in the manger. St. Gregory the Great offers insight into Jesus' rebuke of Peter, explaining, "What means this, that He said to him whom He had called 'Blessed,'... 'Get thee behind Me, Satan'? It is a rebuke, showing that Peter's words in contradiction to the Passion were unworthy." This teaching reminds us that to truly follow Christ, we must embrace the humility and self-giving love that He exemplified.

The sacrament of Eucharist captures this mystery beautifully. In the Divine Liturgy, we partake of Christ's Body and Blood, participating in His sacrifice and receiving the strength to follow Him on the path of the Cross. The Eucharist is not just a commemoration of Christ's suffering; it is an invitation to live out His humility in our own lives, to serve others, and to bear our own crosses with faith. It is through this sacrament that we are reminded of our calling to embody the self-emptying love of Christ. This is also echoed in the Old Testament's emphasis on the role of suffering and purification. The prophetic traditions, such as those of Isaiah 53, which speaks of the Suffering Servant, prepare us for the revelation of Christ's mission. In the same way, Koodosh Etho calls us to a season of spiritual preparation, inviting us to enter into the mystery of Christ's suffering and to allow His example of humility to shape our lives.

We are reminded that the path of discipleship is one of revelation and humility. Koodosh Etho invites us to renew our confession of faith, just as Peter declared, "You are the Christ, the Son of the living God." This season calls us to recognize the divinely revealed truth of who Christ is and to ground our lives in that confession, just as Peter's words became the foundation upon which the Church is built. At the same time, Yeldo reminds us of the humility of the Incarnation, where the path to glory is found through the way of the Cross. As we prepare our hearts for the celebration of the Nativity, let us remember that the Christ we worship is the same Christ who calls us to follow Him in self-giving love and service to others.

❑


# മായാത്ത മന്ദസ്മിതം

## ഫാ. ഡോ. ഏബ്രഹാം കോശി കുന്നുംപുറത്ത്

കല്ലുങ്കൽ തേക്കിൽ കുടുംബാംഗമായ ബഹുമാന്യനായ തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പായെപ്പറ്റിയുള്ള മധുരസ്മരണകൾ പങ്കുവയ്ക്കുന്ന ഒരു അമൂല്യ ശേഖരമാണ് ഈ ലേഖന സമാഹാരം. വൈദിക ജീവിതത്തിലും തന്റെ ആത്മീയ ഭൗതിക കർമ്മമണ്ഡലങ്ങളിലും മൂല്യങ്ങളുടെ ശലാക ഉയർത്തിയ വ്യക്തിത്വമായിരുന്നു ബഹു. തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പാ. സത്യസന്ധതയും ധാർമ്മിക മൂല്യങ്ങളും ഉയർത്തി പിടിച്ച് തന്റെ കർമ്മമണ്ഡലങ്ങളിൽ ഇച്ഛാശക്തിയോടെ പ്രവർത്തിച്ച വ്യക്തിത്വം. ഒരു തവണ പരിചയപ്പെടുന്ന ആരുടെയും മനസ്സിൽ സ്ഥാനം ഉറപ്പിക്കുവാൻ അച്ചന്റെ വ്യക്തിത്വത്തിന് ശക്തിയുണ്ടായിരുന്നു. സേവനമനുഷ്ഠിച്ച ഇടവകകളിൽ ജനങ്ങളുടെ ആവശ്യമറിഞ്ഞ് ആത്മീയപാതയിൽ അവരെ നയിക്കാൻ അച്ചൻ കാണിച്ച മാതൃക ഏറെ അനുകരണീയമാണ്. സഭയുടെ ശുശ്രൂഷാസരണികളിൽ തന്റേതായ കൈയൊപ്പ് ചാർത്തി സ്വതസിദ്ധമായ ഇടപെടലുകൾ കൊണ്ടും മാന്ത്രിക സ്പർശമുള്ള പുഞ്ചിരി കൊണ്ടും ആരെയും ആകർഷിച്ച വ്യക്തി. സഭയുടെ വിശ്വാസവും ആരാധനയും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം കാത്തു സൂക്ഷിക്കുവാൻ അച്ചൻ അതീവ ശ്രദ്ധാലുവായിരുന്നു. ആരാധന ദൈവപ്രസാദ യാഗങ്ങളാണ് എന്ന് ഉറച്ചു വിശ്വസിച്ച് നാട്യങ്ങൾ ഇല്ലാതെ ആരാധനാദികൾ നിർവ്വഹിക്കുന്നതിൽ അച്ചൻ ശ്രദ്ധാലുവായിരുന്നു. തനിക്ക് ലഭിച്ച പൗരോഹിത്യ നൽവരത്തെ കുറിച്ചുള്ള ആഴമായ ബോധ്യം അതിന്റെ മഹത്വവും പ്രാധാന്യവും കുലീനതയും കാത്തുസൂക്ഷിച്ചുകൊണ്ട് ആരാധനാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാൻ സദാ ജാഗരൂകനായിരുന്നു.

ജാതി മത വർഗ്ഗ വർണ്ണ അതിർ വരമ്പുകൾക്ക് അതീതമായി സമൂഹത്തിന്റെ എല്ലാ തുറകളിൽ ഉള്ളവരുമായി ഒരു ഹൃദ്യമായ ബന്ധം കാത്തു സൂക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. താൻ ജീവിച്ച ദേശത്തിന്റെ നാമം തന്നിലൂടെ അറിയപ്പെടുവാൻ തക്കവണ്ണം ആ നാടിന്റെ ഓരോ കാര്യങ്ങളിലും ഇടപ്പെട്ട് ജനഹൃദയങ്ങളിൽ സ്ഥാനം ഉറപ്പിച്ചു. ആത്മധൈര്യത്തോടൊപ്പം നിലപാടുകളിൽ ഉറച്ചുനിന്ന് പൊതുവിന്റെ നന്മയ്ക്കായി അതിനെ മുറുകെ പിടിച്ച് പ്രവർത്തിക്കുവാൻ അച്ചൻ ശ്രമിച്ചിരുന്നു. സാമൂഹിക പ്രതിബദ്ധതയും കരുണയും കൈമുതലായി കൊണ്ടുനടന്ന അച്ചൻ സമൂഹത്തിലെ അശരണരായവരെ ശ്രദ്ധിക്കുവാനും അവരെ കരുതുവാനും മനസ്സു കാണിച്ചിരുന്നു. ഒരു മനുഷ്യായുസ്സിൽ അച്ചൻ കടന്നുപോയ ജീവിത വഴികളിൽ മറ്റുള്ളവർ ആ ജീവിതത്തെ എങ്ങനെ കാണുന്നു എന്നതിന്റെ നേർകാഴ്ച്ചയാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ബഹു. അച്ചനെ കുറിച്ചുള്ള ഈ മധുര സ്മരണകൾ നിറഞ്ഞ ഗ്രന്ഥത്തിൽ അച്ചനെ അടുത്ത് അറിയുന്ന മഹൽ വ്യക്തിത്വങ്ങളുടെ മധുരസ്മരണകൾ വളരെ ഹൃദയഹാരിയായി അക്ഷരങ്ങളിലൂടെ കോറിയിട്ടിട്ടുണ്ട്.

ആദ്യകാലത്ത് തിരുവനന്തപുരം ഭദ്രാസനത്തിൽ പ്രവർത്തിച്ചു എങ്കിലും തന്റെ വൈദിക ശുശ്രൂഷയുടെ സിംഹഭാഗവും ചെങ്ങന്നൂർ ഭദ്രാസനത്തിൽ ആയിരുന്നു. ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തെ അനുസ്മരിക്കുന്നത് "ആരെയും ആകർഷിക്കുന്ന കുലീനതയും, സംസാരശൈലിയും, ചൊവ്വും, വൃത്തിയുള്ള വേഷവും കൊണ്ട് ആ സ്നേഹബന്ധം ഇഴയടുപ്പം ഉള്ളതാക്കുവാൻ കഴിഞ്ഞു എന്ന് പറയുന്നതിൽ തെറ്റില്ല. ബന്ധങ്ങളുടെ ഉലച്ചിൽ എറ്റവും അധികം ഉള്ള ഈ കാലത്ത് മനസിൽ വൈരാഗ്യമോ, വിരോധമോ വച്ചു പുലർത്താതെ പവിത്രമായ സൗഹൃദം ഊട്ടി ഉറപ്പിക്കുവാൻ ബഹു. കോർഎപ്പിസ്കോപ്പാ അച്ചൻ ശ്രദ്ധിച്ചിരുന്നു." പുഞ്ചിരിക്കുന്ന ആത്മ സ്നേഹിതനായിട്ടാണ് വൈദിക സെമിനാരിയിൽ സഹപാഠിയും അങ്കമാലി ഭദ്രാസനാധിപനുമായ അഭിവന്ദ്യ യൂഹാനോൻ മാർ പോളികർപ്പോസ് തിരുമേനി അനുസ്മരിച്ചിരിക്കുന്നത്. പഠനകാലത്തെ മധുരമായ ഓർമ്മകൾ തിരുമേനി പങ്കുവയ്ക്കുന്നു. ബഹു. അച്ചന്റെ ഭൗതികശരീരം സിഡ്നിയിൽ നിന്നും യാത്രയയക്കുമ്പോൾ പ്രാർത്ഥനകൾക്കു നേതൃത്വം നൽകാൻ കഴിഞ്ഞത് സതീർത്ഥ്യനായ ഈ ആത്മസ്നേഹിതൻ നിറമിഴികളോടെ അനുസ്മരിക്കുന്നു. തിരുവനന്തപുരം കാരുണ്യ




ഗൈഡൻസ് സെന്ററിന്റെ പ്രാരംഭകാല പ്രവർത്തനങ്ങളിൽ ലഭിച്ച സഹായങ്ങളെ കുറിച്ചും എക്യുമെനിക്കൽ രംഗങ്ങളിൽ പ്രത്യേകിച്ച് ബൈബിൾ സൊസൈറ്റി, YMCA, KCC തുടങ്ങിയവയിൽ ഒന്നിച്ചുള്ള പ്രവർത്തനത്തെ കുറിച്ചും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അനുസ്മരിക്കുന്നുണ്ട്.

തന്റെ ബാല്യ കാലത്തിന്റെ മധുരമായ ഓർമ്മകളോടൊപ്പമാണ് അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ ബഹു. കോർഎപ്പിസ്കോപ്പായെ അനുസ്മരിക്കുന്നത്. ഒരു നദി കണക്കേ ജീവിതം നയിച്ച പുരോഹിതൻ എന്നും ഒഴുകി, എല്ലാറ്റിനെയും സമചിത്തതയോടെ സ്വീകരിച്ച്, എല്ലാറ്റിനെയും തണുപ്പിച്ച്, സ്വയം മലിനമാകാതെ എല്ലാറ്റിനെയും ശുദ്ധീകരിച്ച്, ലക്ഷ്യബോധത്തോടെ ഒഴുകിയ ജീവിതം എന്നാണ് മാർ ദീയസ്ക്കോറോസ് അച്ചന്റെ ജീവിതത്തെ വിലയിരുത്തുന്നത്. ഒരു ജേഷ്ഠ സഹോദരനും സ്നേഹിതനും മാർഗദർശിയും ഗുരുവുമായിട്ടാണ് നിലയ്ക്കൽ ഭദ്രാസനാധിപനായ അഭിവന്ദ്യ ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ കോർഎപ്പിസ്കോപ്പായെ അനുസ്മരിക്കുന്നത്. ദേവാലയ ആരാധനയിൽ ചിട്ടയും നിഷ്ഠയും ഉള്ള വൈദികൻ, ഗുരുഭക്തി നിറഞ്ഞു നിന്ന വൈദികൻ, തന്റെ ഗുരുവായ ദീയസ്കോറോസ് തിരുമേനിയെ എപ്പോഴും 'എന്റെ തിരുമേനി' എന്ന് വിളിച്ചും തിരുവനന്തപുരം ഭദ്രാസനത്തിനു വേണ്ടി മടി കൂടാതെ കഷ്ടതകൾ സഹിച്ച വൈദികനായും, ജീവിതത്തിൽ കുലീനത പ്രകടിപ്പിച്ച വൈദികനായും റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിന്റെ അഭ്യുദയകാംക്ഷിയായി അതിന്റെ പ്രാരംഭകാല വളർച്ചയിൽ ഏറെ ശ്രദ്ധവച്ച വൈദികനായും അഭിവന്ദ്യ തിരുമേനി അച്ചനെ അനുസ്മരിക്കുന്നു.

വൈദിക സെമിനാരി പഠന കാലത്ത് ആരംഭിച്ച സ്നേഹബന്ധത്തിന്റെ മധുരമായ ഓർമ്മകൾ അയവിറക്കിയാണ് അഖില മലങ്കര പ്രാർത്ഥനായോഗം പ്രസിഡന്റ് അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ അനുസ്മരിക്കുന്നത്. ഭാഗ്യസ്മരണാർഹനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിൽ രേഖപ്പെടുത്തിയിരിക്കുന്ന അതേ വാചകത്തിൽ ബഹു. അച്ചനെ ഓർത്തെടുക്കുന്നു. സന്തോഷിപ്പിക്കുന്ന സാന്നിദ്ധ്യമായ, മധുരിക്കുന്ന ചൊല്ലുള്ള, നല്ല പ്രചോദനം തരുന്ന വാക്കുകൾ പകർന്ന, സ്നേഹം ഉണർത്തുന്ന ജീവിതശൈലിയുള്ള, പരിശുദ്ധ സഭയോടും പിതാക്കന്മാരോടും കൂറുള്ള വൈദികശ്രേഷ്ഠൻ.

മലങ്കരസഭാ വൈദിക ട്രസ്റ്റി ബഹു. തോമസ് വർഗീസ് അമയിൽ അച്ചനും ബഹു. മാത്യു വർഗീസ് പുളിമൂട്ടിൽ കോർഎപ്പിസ്കോപ്പായും ബഹു. സഖറിയ പനയ്ക്കാമറ്റം കോർഎപ്പിസ്കോപ്പായും ഡോ. ജോസഫ് സാമുവേൽ കറുകയിൽ കോർഎപ്പിസ്കോപ്പായും അഖില മലങ്കര വൈദിക സംഘം സെക്രട്ടറി ബഹു. ഡോ. നൈനാൻ വി. ജോർജ്ജ് അച്ചൻ ഉൾപ്പെടെയുള്ള അനേകം വൈദികരും അത്മായ പ്രമുഖരും ബഹുമാനപ്പെട്ട കോർഎപ്പിസ്കോപ്പായെ കുറിച്ച് പങ്കുവച്ച നാല്പതിലധികം അനുസ്മരണ കുറിപ്പുകളും ചെങ്ങന്നൂർ ഭദ്രാസന മുഖപത്രമായ ബഥേൽ പത്രികയിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും ബഹു. അച്ചൻ രചിച്ച ചിന്തോദ്ദീപകങ്ങളായ ലേഖനങ്ങളുടെ സമാഹാരവുമാണ് ഈ ഗ്രന്ഥം. തിരുപിറവിയെ കുറിച്ചും വികലമാക്കപ്പെടുന്ന അതിന്റെ ആഘോഷങ്ങളെ പറ്റിയും ലേഖനങ്ങളിൽ പരാമർശമുണ്ട്. ഓർത്തഡോക്സ് ആരാധനയുടെ ഭാഗമായ അൻപത്തിഒന്നാം സങ്കീർത്തനത്തിന്റെ അർത്ഥതലങ്ങളെ കുറിച്ചും പഴയനിയമ കഥാപാത്രങ്ങളായ അബ്രഹാം, നോഹാ എന്നിവരുടെ ജീവിതമുഹൂർത്തങ്ങളെ മനോഹരമായി തന്റെ ലേഖനങ്ങളിൽ അച്ചൻ വിവരിച്ചിട്ടുണ്ട്. കർതൃപ്രാർത്ഥനയും അതിലെ ഓരോ പദങ്ങളെ കുറിച്ചും സവിസ്തരമായി ബഥേൽ പത്രികയിൽ എഴുതിയ തുടർലേഖനങ്ങൾ ഏറെ അറിവ് പകരുന്നതാണ്. കല്ലുങ്കൽ പള്ളി ജൂബിലി സുവനിയറിൽ പ്രസിദ്ധീകരിച്ച 'ആരാണ് രക്തസാക്ഷി? എന്താണ് രക്തസാക്ഷിത്വത്തിന്റെ മഹനീയത' എന്നതിന്റെ നല്ലൊരു പഠനം ഈ ഗ്രന്ഥത്തിൽ കാണാം. 1999 സെപ്തംബറിൽ മലങ്കരസഭാ മാസികയിൽ എഴുതിയ തന്റെ ഗുരുവായ ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന മനോഹരമായ ഒരു അനുസ്മരണ കുറിപ്പും ഈ ഗ്രന്ഥത്തിന്റെ ഭാഗമായി ചേർത്തിരിക്കുന്നു.

ബഹു. അച്ചനെ കുറിച്ച് ഒരു അനുസ്മരണ കുറിപ്പ് എഴുതാൻ ലഭിച്ച അവസരം ഒരു ദൈവനിയോഗമായി ഞാൻ കാണുന്നു. വ്യക്തിപരമായി എന്റെ ജീവിതത്തിൽ ഏറെ കടപ്പാടുകൾ ഉണ്ട്. ബഹു. അച്ചൻ ഞങ്ങളുടെ ഇടവകയിൽ വികാരിയായി പ്രവർത്തിക്കുന്ന (2003-2006) കാലത്താണ് 2005-ൽ വൈദിക സെമിനാരി പഠനത്തിനായി ഞാനും ബഹു. വിമൽ മാമ്മൻ ചെറിയാൻ അച്ചനും കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ പ്രവേശനം ലഭിച്ച് പോകുന്നത്. അന്ന് ഒരു വൈദികൻ എങ്ങനെ ആയിരിക്കണം എന്നും വൈദികജീവിതത്തിൽ വച്ചുപുലർത്തേണ്ട ശൈലികളും ശീലങ്ങളും ഞങ്ങൾക്ക് അദ്ദേഹം ഉപദേശിച്ചു തന്നു. ഞങ്ങളോടോപ്പം കോട്ടയം പഴയസെമിനാരിയിൽ എത്തി അഭിമാനപൂർവ്വം "ഇവർ എന്റെ പിള്ളേരാണ്" എന്ന് പറഞ്ഞ് വൈദികസെമിനാരി അദ്ധ്യാപകരെ പറഞ്ഞ് ഏൽപ്പിച്ച് മടങ്ങിയത് ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്നു. എപ്പോൾ എവിടെ വച്ച് കണ്ടാലും വാത്സല്യത്തോടെ 'കുഞ്ഞേ ഞാനാണ് നിങ്ങളെ വൈദിക സെമിനാരിയിൽ അയച്ചത്. ആ ഓർമ്മ എപ്പോഴും ഉണ്ടാകണം" എന്ന് ഓർമ്മിപ്പിക്കുമായിരുന്നു. അച്ചന്റെ മൂത്ത മകൾ റ്റീമയെ വിവാഹം കഴിച്ചിരിക്കുന്നത് എന്റെ ബാല്യകാലം മുതലുള്ള സുഹൃത്തും ചെങ്ങന്നുർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് കത്തീഡ്രൽ ബാലസമാജത്തിലും യുവജനപ്രസ്ഥാനത്തിലും എന്റെ സഹപ്രവർത്തകനും ഇപ്പോൾ കുടുംബമായി യു.എ.ഇ. യിൽ ജീവിക്കുന്ന വൈദിക പാരമ്പര്യമുള്ള ചെങ്ങന്നൂർ പൂവത്തൂർ കുടുംബാംഗവുമായ ശ്രീ. ജാക്സൺ പി. പൂവത്തൂരാണ്.


ബഹു. അച്ചന്റെ ഒന്നാം ചരമവാർഷികത്തിൽ അച്ചനെ കുറിച്ച് ആദ്ദേഹത്തെ അടുത്ത് അറിഞ്ഞിട്ടുള്ളവർ പങ്കുവച്ച അക്ഷര സ്മരണകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ മുൻകൈ എടുത്ത ബഹു. അച്ചന്റെ സഹോദര പുത്രിയുടെ ഭർത്താവു കൂടിയായ ശ്രീ. റ്റിബിൻ ചാക്കോ തേവർവേലിനോടുള്ള നന്ദി വാക്കുകൾക്ക് അതീതമാണ്. ബഹു. അച്ചന്റെ സ്മരണകൾ എന്നും ദിവ്യമായിത്തീരുവാൻ ഈ ഗ്രന്ഥം ഉപയുക്തമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ❑



**കോയമ്പത്തൂർ തടാകം ക്രിസ്തുശിഷ്യാ ആശ്രമത്തിൽ എക്യുമെനിക്കൽ മീറ്റിംഗ് നടത്തി. വിസിറ്റർ ബിഷപ്പ് ഗീവർഗീസ് മാർ കൂറിലോസ് ഉത്ഘാടനം ചെയ്തു. അട്ടപ്പാടി മിഷൻ ഡയറക്ടർ എം. ഡി. യൂഹാനോൻ റമ്പാൻ കോർഎപ്പിസ്കോപ്പാ, ആശ്രമം ആചാര്യ ഫാ. മഹേഷ് പോൾ എന്നിവർ പ്രസംഗിച്ചു.**



**മലങ്കര സഭയിലെ മികച്ച കർഷകനെ ആദരിക്കുന്നതിനു വേണ്ടി ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ക്രൈസ്തവ യുവജനപ്രസ്ഥാനം ഏർപ്പെടുത്തിയിരിക്കുന്ന പ. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് കാർഷിക അവാർഡിന് മലബാർ ഭദ്രാസനത്തിലെ മാമാങ്കര മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗമായ മാത്യു എബ്രഹാം അർഹനായി.**



**2024 സെപ്റ്റംബർ 29 മുതൽ വത്തിക്കാനിൽ നടന്ന ആഗോള കത്തോലിക്കാ സഭാ സുന്നഹദോസ് സമാപിച്ചു. മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ക്ഷണിതാവായി സുൽത്താൻ ബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ബർണബാസ് രണ്ട് വർഷങ്ങളിലായി കൂടിയ സുന്നഹദോസിൽ പങ്കെടുത്തു.**



**കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ് സി ബോട്ടണിക്ക് അബിമോൾ ഏബ്രഹാമിന് മൂന്നാം റാങ്ക് ലഭിച്ചു. മലമ്പുഴ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.**